# ഇതളുകൾ

## ഡിജിറ്റൽ മാഗസിൻ



ലിറ്റിൽ കൈറ്റ്സ്

ജി.എച്ച്. എസ്.എസ് കടമ്പൂർ


Digital Magazine
Little KITEs
GHSS Kadambur
Digital painting
John Devassya
10 A

മുഖമൊഴി

ഹൃദയത്തിൽ അക്ഷരങ്ങൾ കൊണ്ടുണ്ടാകുന്ന മുറിവുകളാണ് ഓരോ സൃഷ്ടിയും അറിവിന്റെ ആഘോഷങ്ങളാണവ . സർഗാത്മകതയുടെ ഉത്സവങ്ങൾ . ഭൂമിയും സ്വർഗ്ഗവും ഒന്നാവുന്ന അപൂർവനിമിഷങ്ങൾ, രചനയുടെ ഈ അദ്ഭുതത്തെ ഓരോരുത്തരും നടത്തുന്ന ഉൺമയിലേക്കുള്ള സഞ്ചാരമായി തിരിച്ചറിയേണ്ടതുണ്ട്. കുട്ടി എഴുത്തുകളാകുമ്പോൾ സത്യസന്ധതയുടെ സ്വർണം കൂടി ചേർന്ന് അതിനു മാറ്റേറും . പുത്തൻ സാങ്കേതികവിദ്യ എഴുത്തിന്റെ വിശാലസാധ്യതകളാണ് നമുക്ക് മുന്നിൽ തുറന്നിടുന്നത് . ജനകീയവത്കരിക്കപ്പെട്ട ഈ ഇടങ്ങൾ വലിപ്പച്ചെറുപ്പമില്ലാതെ ഏവരെയും എഴുത്തുകാരാക്കുന്നു സാഹിത്യകാരന്റെ ദന്തഗോപുരങ്ങളെ പൊളിച്ചുകളയുന്ന രസകരമായ കാഴ്ചയാണത്.അത്തരമൊരു ഇടത്തിലേക്കാണ് കൊട്ടിഘോഷങ്ങളില്ലാതെ ഈ രചനാപുസ്തകം സമർപ്പിക്കുന്നത്. ഇത് പൂർണമായും കുട്ടികളുടേതാണ് സംയോജനം, പ്രകാശനം എന്നിങ്ങനെ കുട്ടികളുടെ ഒപ്പു പതിഞ്ഞ ഓർമ്മകളാണിവ. മുതിർന്നവരുടെ ലോകബോധത്തെ അമ്പരപ്പിച്ചു കൊണ്ട് എഴുത്തു വഴക്കത്തിന്റെ മാസ്മരിക ശക്തികൊണ്ട് രചനകൾ നമ്മെ അമ്പരപ്പിക്കുന്നു ജീവിതത്തിന്റെ മഷിമുക്കിയ കുട്ടിയെഴുത്തിന്റെ ഈ അദ്ഭുതലോകം നിങ്ങൾക്ക് പ്രകാശമാവട്ടെ

ആർദ്ര
മലയാളം അധ്യാപിക
ജി.എച്ച്.എച്ച്. എസ് കടമ്പൂർ

# ആശംസകൾ..........................



പ്രിയ കുട്ടികളെ..................

നമ്മൾ ചരിത്രം രചിക്കുകയാണ് കേവലം ചില രചനകൾക്കപ്പുറത്തേക്ക് ക്ലാസ്സുറികൾക്കും പാഠപുസ്തകത്തിനുമപ്പുറത്തേക്ക് ലോകം മിഴി തുറക്കുകയായി മാറിവരുന്ന പുതിയ പ്രവണതകളേയും വിവര സാങ്കേതികവിദ്യയെയും നൻമ യോടൊപ്പം ചേർത്തു പിടിക്കുകയാണ് നമ്മൾ കാലവും വേഗവും പ്രതിബന്ധങ്ങളല്ലാതാവുന്ന ഈ കാലഘട്ടത്തിൽ നവീനമായ “ഡിജിറ്റൽ മാഗസിൻ “ സംരഭത്തിന് ഭാവുകങ്ങൾ...

ഹെഡ്മിസ്ട്രസ്

# Editors

Editors







Shilja Krishna

Muhammed Anees

Aswin

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ


ASHIF SULTHAN. A .T


AARYAKANTH P. K.


ABHIJITH.K


ADHITHYA.O.V


ADITH.K.V


SHILJA KRISHNA M K


SHREENANDHINI .P


SREEDURGA. N


SUJANA. C


SURYA DAS.P


JISHNUPRAKASH.M


ASHWIN K


ASWATHY.P.S


ASWIN. E .H


ATHUL KRISHNA.M


HADIYA.M


IRFANA.P


JESWINBABU


JINESH .I.K


JISHA THOMAS P T

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ


VISHNU.M .S


RAJEEV . C


ROSHIN.P.MOHAN


SAIDALAVI..T.M


SANJU.P


MUHAMMAD ANWAR


MUHAMMED ASHIF.T


MUHAMMED RASHID.K


MUHAMMED SHEBIN.T


MUHAMMED SINAN.P


PRANAV.K


JITHA.A.


MIDHUN DAS


MUHAMMED ANEES. K


MUHAMMAD AFSAL PAWAS


AJMALROSHAN


ANANTHAN. M .B


ANILA.M


ANJALI. K


ANJALI.M.S

## സ്കൂളിനെകുറിച്ച്..........

# GHSS Kadambur




പാലക്കാട് ജില്ലയിലെ മികച്ച സർക്കാർ വിദ്യാലയമായ കടമ്പൂർഗവ.ഹയർസെക്കന്ററിസ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉർന്നുകൊണ്ടിരിക്കുകയാണ്. ആകർഷകമായ ഭൗതികസാഹചര്യങ്ങളും ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിധമായ പഠനസൗകര്യങ്ങളാണിവിടെയുള്ളത് ഈ മികവിന്റെ കേന്ദ്രത്തിൽ ഹൈസ്കൂൾ വിഭാഗത്തിലെ മുഴുവൻ ക്ലാസ്സുറികളും ഹയർ സെക്കന്ററിയിൽ പകുതി ക്ലാസ്മുറികളും ഹൈടെക്കായി മാറിയിരിക്കുന്നു .കൂടാതെ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ 2 സ്മാർട്ട് റൂമുകളുമുണ്ട്. എസ്.എസ്.എൽ.സി , പ്ലസ്ടു പരീക്ഷകളിൽ എക്കാലവും മികച്ചവിജയം നേടുന്നതോടൊപ്പം തന്നെ കായിക മേളകളിലും സംസ്ഥാന മേളകളിലും കലോത്സവങ്ങളിലും മികച്ചപ്രകടനങ്ങൾ കാഴ്ച വയ്ക്കാൻ കടമ്പൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിനാവുന്നുണ്ട്

# ചരിത്രം



വള്ളുവനാട്ടിലെ ഒരു ഉൾനാടൻ കാർഷിക ഗ്രാമമായ കടമ്പൂരിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് "കടമ്പവൃക്ഷങ്ങൾ നിറഞ്ഞ ഊര്" എന്നാണ് ഈ സ്ഥലപേര് അർത്ഥമാക്കുന്നത്. അമ്പലപ്പാറ ഗ്രാമത്തിലെ പാട്ടി മലക്ക് കീഴെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന സുന്ദരമായ ഗ്രാമം .വേമഞ്ചേരി മനയ്ക്കലെ ബ്രഹ്മശ്രീ ഭാസ്കരൻ നമ്പൂതിരിപ്പാടാണ് 1902 കടമ്പൂർ ഭാസ്കര വിലാസം എൽ പി സ്കൂൾ സ്ഥാപിച്ചത് അമ്പലപ്പാറ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന ആദ്യത്തെ സർക്കാർ സ്കൂളായ കടമ്പൂർ സ്കൂളിന്റെ ചരിത്രം അമ്പലപ്പാറഗ്രാമത്തിലെ സ്കൂളുമായി ഇഴചേർന്നു കിടക്കുന്നു. അഞ്ചാംക്ലാസ്സ് വരെയുള്ള എലിമെന്ററി വിദ്യാഭ്യാസത്തിനുശേഷം തുടർവിദ്യാഭ്യാസത്തിന് അമ്പലപ്പാറയിൽ സൗകര്യം ഇല്ലാത്ത കാലത്ത് യശഃശരീരനായ എ കെ നാരായണൻകുട്ടിനായർ 1931 അമ്പലപ്പാറയിലെ ഒരു പീടികകെട്ടിടത്തിനു മുകളിൽ ആരംഭിച്ചതാണ് എൻ.എം .എച്ച്.ഇ സ്കൂൾ. 6,7,8 ക്ലാസുകളടങ്ങിയ ഹയർ എലമെന്ററി സ്കൂളിന് 1934 ൽ മാത്രമാണ് ഗവൺമെൻറ് അംഗീകാരം ലഭിച്ചത് (അതിനെത്തുടർന്ന് സ്കൂൾ പാലചുവട്ടിലുള്ള സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി) 1957 ൽ വേമഞ്ചേരിമനയിലെ വി എം സി നമ്പൂതിരിപ്പാട് മലബാർ ഡിസ്ട്രിക്റ്റ്ബോർഡ് പ്രസിഡണ്ട് ആയിരുന്ന ശ്രീ ഭാസ്കരപ്പണിക്കരെ കണ്ട് കടമ്പൂർ ഗവൺമെൻറ് ഹൈസ്കൂളിനുള്ള അനുമതി നേടിയെടുത്തു. എൻ.എം.എച്ച്.ഇ സ്കൂളിലെ അധ്യാപകരെയും വിദ്യാർഥികളെയും ഹൈസ്കൂളിൽ ലയിപ്പിക്കുകയും എലമെന്ററി സ്കൂൾ നിർത്തലാക്കുകയും ചെയ്തു




വി.എം.സി നമ്പൂരിപ്പാട് 5 ഏക്കർ 27 സെൻറ് സ്ഥലവും കെട്ടിടവും സൗജന്യമായി നൽകി 1957 ആരംഭിച്ചതാണ് കടമ്പൂർ ഗവൺമെൻറ് ഹൈസ്കൂൾ 2000 ൽ ഇത് കടമ്പൂർ ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ ആയി ഉയർത്തപ്പെട്ടു 1957-ൽ 8-)0 ക്ലാസ്സ് ആരംഭിച്ചതോടെ ഹൈസ്കൂൾ ആകുകയും 1960 ൽ ആദ്യ SSLC ബാച്ച് പുറത്തു വരികയും ചെയ്തു. പ്രഗത്ഭനും കണിശക്കാരനുമായ ശ്രീ നാരായണക്കുറുപ്പായിരുന്നു ആദ്യ ഹെഡ്മാസ്റ്റർ . അദ്ദേഹം ദീർഘകാലം നേതൃത്വം നൽകി സ്കൂളിനെ പ്രശസ്തിയിലേക്കുയർത്തി. പിന്നീട് അനവധി അദ്ധ്യാപകരും ഹെഡ്മാസ്റ്റർമാരും മാറി മാറി വരികയുണ്ടായി

# ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 40 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 8 ക്ലാസ് മുറികളുമുണ്ട്. കൂടാതെ ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്കായി പ്രത്യേകം പ്രത്യേകം കമ്പ്യൂട്ടർ ലാബുകളും സയൻസ് ലാബുകളുമുണ്ട് രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.



സ്കൂൾ ഓഡിറ്റോറിയം



സ്മാർട്ട് റൂം










കളിസ്ഥലം



# മാധ്യമങ്ങളുടെ സ്വാധീനം ജീവിതത്തിൽ



ഇന്ന് ഏത് സാധാരണക്കാരന്റെയും ജീവിതത്തിൽ കണ്ടു വരുന്നതാണി മാധ്യമം. മാധ്യമം നമ്മുടെ ജീവിതത്തിൽ സഹായകമാകുന്നു. പലപ്പോഴും പല അത്യാവശ്യങ്ങൾക്കും വേണ്ടി നാം ഇന്ന് മാധ്യമങ്ങളേ ആശ്രയിക്കുന്നു. ഇന്ന് നമ്മുടെ ജീവിതത്തിൽ ഒട്ടേറെ മാധ്യമങ്ങളുണ്ട് ടി.വി, റേഡിയോ എന്നിവ. ഇപ്പോൾ പലരും ഫേസ്ബുക്കിലും വാട്സാപ്പിലുമാണ് സജീവമാവുക. ഇവയിലത്തെ ഒരു ജീവിതം നമ്മൾക്ക് ചിന്തിക്കാൻ പോലും കഴിയുകയില്ല. ഇരുട്ടിൽ ഏറിയ കേരളത്തെ വെളിച്ചമാക്കി മാറ്റിയ മാധ്യമങ്ങളോട് നാം എങ്ങനെ നന്ദി പറയുമെന്ന് ഞാൻ ചിന്തിക്കാറുണ്ട്. എല്ലാ പ്രഹരഗാളിലെയും മുഖ്യ പങ്ക് മാധ്യമങ്ങൾക്കാണ്. ഇന്നത്തെ കാലത്തെ മാധ്യമങ്ങൾ വളരെ വേഗതയേറിയതാണ്. ഇപ്പോഴത്തെ ഇന്റർനെറ്റ് കണക്ഷൻ മൂലം നമുക്ക് ഏത് ആപത്തിലും സമൂഹങ്ങളെ ബന്ധപ്പെടാം. ഒറ്റപെടലിന്റെ വേർപ്പാടിൽ കഴിയുന്നവരുടെ ഇരുട്ടിനെ വെളിച്ചമാക്കുന്നു ഈ മാധ്യമം അവരെ സമൂഹവുമായി ബന്ധിപ്പിക്കാനും അവരെ മനഃപ്രയാസങ്ങളിൽ നിന്ന് അകറ്റുവാനും ഈ മാധ്യമങ്ങൾക് കഴിയുന്നുണ്ട് നാം പലരും മാധ്യമങ്ങളിൽ കുറെ നേരം ചെലവഴിക്കാറുണ്ട് ഇപ്പോൾ പലരുടെയും നേരം പോക്കായി ഈ മാധ്യമങ്ങൾ മാറിയിരിക്കുന്നു അതിനു മുൻപ് നാം ഒരു പ്രാവശ്യം ചിന്തിക്കേണ്ടിരിക്കുന്നു എന്തിനീ മാധ്യമങ്ങൾ മാധ്യമങ്ങൾ നമ്മുടെ അത്യാവശ്യത്തിനു മാത്രമല്ല നമ്മുടെ അറിവ് വികസിക്കാനുമാണ് ഈ മാധ്യമങ്ങൾ അറിവിന്റെ സമ്പാദ്യമാണ് പലപ്പോഴും പല മാധ്യമങ്ങളും തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നു ഈ മാധ്യമങ്ങൾ ഉപയോഗിക്കുന്നവരായി ആരുമില്ല അവയുടെ മുൻപിൽ കുത്തിയിരിക്കുന്നവർ അവനവന്റെ ഉത്തര വാതിതങ്ങൾ മറക്കുന്നു മാധ്യമത്തിന്റെ ഗുണങ്ങളെ കുറിച് പറയുമ്പോൾ അവിടെ നാം അവരുടെ ദോഷങ്ങളെ പാട്ടി മറക്കുന്നു മാധ്യമങ്ങളിലൂടെ അടക്കുമ്പോൾ മിക്കവാറും ആളുകൾ തെറ്റായ കുട്ടുകെട്ടിൽ പെട്ട് പോകുന്നു നമ്മുടെ ജീവിതത്തിന്റെ തകർച്ചയുടെ വാതിൽ തുറക്കുന്ന ഒന്നാം അവസ്ഥയാണ് ചിലർ മാധ്യമം എന്ന് പറയുന്നത് ഒരു ലഹരിയാക്കുന്നു പിന്നെ അതിൽ നിന്നും നമുക് ഒളിച്ചോടാൻ കഴിയാതാകുന്നു ഇപ്പോൾനമ്മുടെ ജീവിതത്തിൽ ഒരു പ്രധാന കടകമാണ് മാധ്യമം അതിനെ തെറ്റായ രീതിയിൽ ഉപയോഗിച് ലഹരിയാക്കരുത് എന്ന നാൻ നിങ്ങാതിയോട് പറയുന്നു പക്ഷെ മാധ്യമത്തെ ശരിയായ രീതിയിൽ ഉപയോഗിച്ചാൽ

നമുക്കതിൽ പല ഗുണങ്ങളും ലഭിക്കും എന്ന മാധ്യമങ്ങൾ കുട്ടികൾക്കു ഒരു പഠന സഹായിയാണ് ജീവിതത്തിന്റെ പല ഘട്ടങ്ങളിലും നമുക്ക് ഇവ ഉപയോഗിക്കേണ്ടി വരുന്ന മാധ്യമങ്ങൾ സമൂഹങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ഒരു സാധാരണ ഉദ്യോഗങ്ങൾക്കും ഇപ്പോൾ മാധ്യമം അത്യാവശ്യമായിരിക്കുന്നു.മാധ്യമങ്ങൾ ചർച്ചാ സഹായിയാണ്. മറ്റുള്ളവരുടെ ആശയങ്ങളെ ഒത്തുനിർത്തി ഒരു പുതിയ ആശയം നല്കാൻ ഇവയുടെ പങ്ക് ശ്രദ്ധേയമാണ്. ഇപ്പോൾ നമ്മുടെ ജീവിതത്തിൽ അത്യാവശ്യമായി മാറിയിരിക്കുന്ന മാധ്യമങ്ങൾ

അർജുൻ കെ
9B



# ജൂനിയർ റെഡ്ക്രോസ് (JRC)




ജി.എച്ച്എസ്എസ് കടമ്പൂർ സ്കൂളിൽ ജെ ആർ സി യൂണിറ്റ് കുറച്ച് വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു എല്ലാവർഷവും ജൂനിയർ റെഡ്ക്രോസ് നല്ല പ്രകടനമാണ് കാഴ്ചവയ്ക്കുന്നത് എന്നാൽ ഈവർഷം ധന്യ ടീച്ചറുടെ നേതൃത്വത്തിൽ ജെ ആർ സി ഒന്നുംകൂടി ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുകയുണ്ടായി ഞങ്ങളുടെ സ്കൂളിൽ 8, 9 ,10 ക്ലാസുകളായി ആകെ 60 ജെ ആർ സി കേഡറ്റുകൾ ആണുള്ളത് എട്ടാം ക്ലാസ് മുതലാണ് ജെ.ആർ.സി യൂണിറ്റിലേക്ക് കുട്ടികളെ തെരഞ്ഞെടുക്കാറുള്ളത് നല്ല മികവുള്ള കുട്ടികളെയാണ് സാധാരണയായി ജെ ആർ സി യിൽ ഉൾക്കൊള്ളിക്കാറുള്ളത് അതുകൊണ്ടുതന്നെ ഒരേവർഷം കഴിയുന്തോറും jrc കൂടുതൽ മെച്ചപ്പെട്ടുവരികയാണ് ഈവർഷം (2018-19) പ്രകടനങ്ങൾ കാഴ്ച വയ്ക്കുകയുണ്ടായി അതിലൊന്നാണ് പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക അതിനോടനുബന്ധിച്ച പ്രവർത്തനങ്ങൾ അതിൽ jrc കേഡറ്റുകൾ പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിച്ച് പൂച്ചട്ടികൾ നിർമ്മിക്കുകയും അതിൽ പൂക്കൾ വളർത്തിക്കൊണ്ട് ഞങ്ങളുടെ സ്കൂളിലെ ഭംഗി പതിന്മടങ്ങ് വർധിപ്പിക്കുകയും ചെയ്തു അതുമാത്രമല്ല പരിസ്ഥിതിയെ സംരക്ഷിക്കണം എന്ന നല്ല ആശയം എല്ലാവരിലും എത്തിക്കുന്നതിനു വേണ്ടി സ്കൂളിലെ വിവിധ ഭാഗങ്ങളിൽ ധാരാളം പോസ്റ്ററുകളും പ്ലക്കാർഡുകളും വെച്ചു സ്കൂൾ സംബന്ധിച്ച് എല്ലാ പ്രവർത്തനത്തിലും ജെ ആർ സി യുടെ മഹനീയ സാന്നിദ്ധ്യവും സഹകരണവും ഉണ്ടായിരുന്നു സ്കൂളുമായി അനുബന്ധിച്ച് കലാകായിക മേഖലകളിലും ജെ ആർ സി

തൻറെ എല്ലാ കഴിവും പ്രയോഗിച്ചിരുന്ന ജയ എല്ലാ വിധ പ്രവർത്തനത്തിലും വളരെ ആഴത്തിൽ ഇറങ്ങിച്ചെന്നുകൊണ്ട് പ്രയത്നിച്ചു ജെ ആർ സി ആഴ്ചയിൽ തിങ്കൾ വ്യാഴം ദിവസങ്ങളിൽ ശുചീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ജയ് ആർ സിയിലെ എല്ലാ കേഡറ്റുകളും തൻറെ സ്കൂൾ പരിസരം വൃത്തിയാക്കുക എന്ന ധർമ്മം വളരെയധികം ആത്മാർത്ഥതയോടെ തന്നെ നടത്തിയിരുന്ന ജെ ആർ സി യുടെ ഇത്തരം പ്രവർത്തനങ്ങൾ ഞങ്ങളുടെ സ്കൂളും പരിസരവും വൃത്തിയായി ഇരിക്കുന്നതിന് സഹായിച്ചു ജിഎച്ച്എസ്എസ് കടമ്പൂർ സ്കൂളിൻറെ അഭിമാനവും അന്തസ്സും വാനോളം ഉയർത്തുന്നതിനു വേണ്ടി jarsi കഠിനമായി തന്നെയാണ് പരിശ്രമിക്കുന്നത് ജൂനിയർ റെഡ് ക്രോസ് സ്കൂളിനെ മികച്ചതാക്കി മാറ്റുന്നതിന് സന്നദ്ധ പ്രവർത്തനം രേഖപ്പെടുത്തിയിരുന്നു

ജെ ആർ സി പരിപാടികൾ



ഈ സ്കൂളിലെ എല്ലാ പരിപാടികളിലും ജെ ആർ സി കേഡറ്റുകൾ നേതൃത്വം നൽകിയിരുന്നു ഈ കേഡറ്റുകളുടെ സഹകരണം സ്കൂളിലെ കലാകായിക മത്സര വേദികളിൽ വളരെയധികം ലഭിച്ചിട്ടുണ്ട് കൂടാതെ ഇവരുടെ ചുമതലകൾ ഏറ്റെടുത്ത അവരുടെ ജോലി ഭാരം കുറയ്ക്കുന്നതിന് ഇവർ അധ്യാപകരെ സഹായിച്ചു അതുപോലെതന്നെ തിരിച്ചും അധ്യാപകന്മാർ കേഡറ്റുകളെ പലവിധത്തിലും സഹായിച്ചിട്ടുണ്ട് സ്പോർട്സ് യൂത്ത് ഫെസ്റ്റിവൽ എന്നിങ്ങനെയുള്ള എല്ലാ കല കായിക പ്രവർത്തനങ്ങളിലും ജെ ആർ സി കേഡറ്റുകൾ വളണ്ടിയർമാരായി തങ്ങളുടെ സേവനം നിർബന്ധം നൽകുന്നു

ജെ ആർ സി കാര്യപരിപാടികൾ

പ്ലാസ്റ്റിക് മലിനീകരണം തടയുന്നതിന് വേണ്ടി പ്ലാസ്റ്റിക് കുപ്പികളിൽ ചെടികൾ നട്ടുപിടിപ്പിക്കുകയും അത് അലങ്കാരത്തിനുവേണ്ടി സ്കൂളുകളിലെ പലഭാഗത്ത് കെട്ടിത്തൂക്കുകയും ചെയ്തു ആഴ്ചയിൽ ഒരു ദിവസം സ്കൂൾ വൃത്തിയാക്കുക ലഹരിമരുന്നുകളുടെ ഉപയോഗങ്ങൾ കൊണ്ടുള്ള ദോഷഫലങ്ങൾ കുട്ടികളെ ഒരു ബോധവൽക്കരണ ക്ലാസ്സിലൂടെ ബോധ്യപ്പെടുത്തുകയും ചെയ്തു പ്ലാസ്റ്റിക് ഉപയോഗങ്ങളെ കുറിച്ച് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും ഓരോ കേഡറ്റുകൾ ഇലൂടെയും കുട്ടികളിൽ എത്തിച്ചു

*********************



# മാപ്പ്

ഒരു ടണ്ണരി ചാക്കിൽ നിന്നും
വെറും പത്തുമണികൾ മാത്രം
എടുത്തൊരാ ഏട്ടനെ കൊന്ന-
വർക്കില്ലെ മനുഷ്യത്വം

അടിക്കുകയും തൊഴിക്കുകയും ചെയ്യുമ്പോൾ
ഒരു നിമിഷം ചിന്തിച്ചിരുന്നോ
അവർ വിശപ്പിന്റെ വേദന

ആ പാവം ഏട്ടനെ കൊന്നപ്പോൾ
നിങ്ങൾക്കെന്തുകിട്ടി സഹോദരങ്ങളെ
ആ അമ്മതൻ വേദന ആരറിയാൻ
കൊന്നവർക്കാവുമോ ജീവൻ തിരിച്ചുനൽകാൻ

മാപ്പ് സഹോദരാ മാപ്പ് മാപ്പ്.......

**അട്ടപ്പാടിയിൽ ആളുകളുടെ അടിയേറ്റു മരിച്ചുവീണ മധുവേട്ടന്**
ആദരാഞ്ജലികൾ

കീർത്തന
5C

# ഓർക്കുന്നതും ഓർക്കേണ്ടതും

( ആത്മകഥ)

ജീവിതം ഒരു പ്രാർത്ഥന എന്ന പാഠത്തോട് സംബന്ധിച്ച് ഒരു ആത്മകഥ എഴുതാൻ മാഷ് പറഞ്ഞപ്പോൾ ,അതിനുമാത്രം എന്ത് ജീവിതാനുഭവമാണ് എനിക്കുള്ളത് എന്നാണ് ഞാൻ ചിന്തിച്ചത് .എന്തെഴുതും എങ്ങനെയെഴുതും എന്നെല്ലാം ആലോചിച്ച് വീട്ടിലെത്തിയ എന്നെ ഉണർത്തിയത് " ഇന്നെന്താ ,വലിയൊരു ചിന്ത " എന്ന ഉമ്മയുടെ ചോദ്യമാണ് .കാര്യം ഞാൻ ഉമ്മയോട് അവതരിപ്പിച്ചു . ചെറുപ്പത്തിൽ ഞാൻ കാണിച്ച് കൂട്ടിയ വികൃതികളും ജീവിതത്തിലുണ്ടായ രസകരമായ സംഭവങ്ങളും എഴുതിയാൽ താനെ ധാരാളം മാവുമ്മലോ എന്ന ഉമ്മയുടെ മറുപടിയിൽ നിന്നാണ് എന്റെ ഈ കുഞ്ഞു ആത്മകഥ പിറക്കുന്നത് ഞാൻ ഓർക്കേണ്ടതും ഓർക്കുന്നതുമായ എന്റെ ജീവിതകഥകൾ. മുഹമ്മദ് അനീസേന എന്റെ ജീവിതയാത്ര തുടങ്ങുന്നത് ഒക്ടോബര് 3 ണ് 1 am ണ് ആൺ . 1 am ന്ന് വച്ചാൽ അർധരാതി യാവാൻ . കാർത്തിക എന്റെ നക്ഷത്രം എന്ന ഉമ്മ പറഞ്ഞ് അറിയാം . വെള്ളിനക്ഷത്രം സിനിമ റീലീസായ സമയമായിരുന്നു അത് . അതിലെ ആ കൊച്ചു കുട്ടിയുടെയും എന്റെയും നക്ഷത്രം കാർത്തികയാണ് . തമാശയാണെങ്കിലും ഞാനും ഒരു കുഞ്ഞി കുട്ടിച്ചാത്തനാണോ എന്ന ഉമ്മ സംശയിച്ചിരുന്നത്രെ .പക്ഷെ കുട്ടിച്ചാത്തനല്ല ഒരു കുഞ്ഞു കുറുമ്പനായിരുന്നുഞാൻ എന്ന ഉമ്മ സ്നേഹത്തോടെ ഇപ്പോഴും പറയാറുണ്ട്

കുഞ്ഞു നാളിലെ എന്റെ കുസൃതികളെ പാറ്റി പറയുമ്പോൾ ഉമ്മാക് നൂറ് നാവാണ് പൂച്ചക്ക് പകരം പീച്ചെന്നു പറഞ്ഞതും വെള്ളിപ്പാന്റെ മീശപോലെ മീശക്കുവേണ്ടി കരഞ്ഞതും മായാവി കഥയിലെ ല്യട്ടാപ്പിന്റെ കുന്തം പോലെയുള്ള കുന്തം വേണമെന്ന വാശിപിടിച്ചതും ഉമ്മയുണ്ടാക്കിയ കുന്തത്തിൽ കയറിയിരുന്ന് ഇത് പാറക്കുന്നില്ലാന്ന് പറഞ്ഞ് കരഞ്ഞത്മേളം പറഞ്ഞ് ഉമ്മ കളിയ്ക്കുമ്പോൾ ഞാനാരാ മോൻ എന്ന ഭാവത്തിൽ ഞാനിരിക്കാറുണ്ട്

എന്റെ ഉപ്പാന്റെ വീട് പുളിഞ്ചോട് . ഒരു വലിപ്പ ലോകമാണ് അവിടെ . ഉപ്പാന്റെ ഉമ്മയപ്പ 11 മകൾ അവരുടെ കുട്ടികൾ അങ്ങനെ . ആഘോഷങ്ങളെലാം ഉത്സാവമാണ് അവിടെ . എനിക്ക് രണ്ട് വയസ്സായപ്പോൾ പുതിയ വീട്ടിലേക്ക് ഞാനും ഉമ്മയും ഉപ്പയും താമസമാക്കി . ഉപ്പ ഗൾഫിലായതുകൊണ്ട് ഉമ്മയും ഞാനും സൈക്കിളും ബുക്കുകളും അടങ്ങിയതായിരുന്ന എന്റെ കുട്ടിക്കാലലോകം . ഈ ലോകത്തിലേക്കു വരുന് വിരുന്നകാരനായാണ് എന്റെ വെല്ലിപ്പ . എന്റെ ഉമ്മയുടെ ഉപ്പ . നിറയെ പലഹാരങ്ങളും

മിഠായിയും കളിപ്പാട്ടങ്ങളും വാങ്ങിതന്നും കൂടെ കളിച്ചും ബുള്ളറ്റിനു മുമ്പിൽ വച്ചുള്ളകൊച്ചു കൊച്ചു യാത്രകളും ഒരിക്കലും മറക്കാൻ പറ്റാത്ത ഓർമ്മകളാണ് ഉമ്മ വീടാണ് എന്റെ മറ്റൊരു സ്വർഗം മാമനും അമ്മായിയും അനു (അമ്മാവന്റെ മകൻ) വുമാണ് വെല്ലിപ്പയെ കൂടാതെ അവിടെ ഉള്ളവർ.

ഓണവും പെരുന്നാളും വിഷുവുമേളം ഞങ്ങൾ ആഘോഷികുന്നത് അവിടെ വച്ചാണ് . ഉമ്മാക് ഒരു ചേച്ചി കൂടെയുണ്ട് അവർക്ക് രണ്ട് മക്കളും (ഹബീബ ,ഹബീബ് ) . എല്ലാവരുംകൂടെ ഒരുമിക്കുന്ന ദിവസങ്ങളിൽ മാമാ, അടുത്തുള്ള തോട്ടിലേക്ക് ഞങ്ങളെ കൊണ്ട് പോവും നീന്തൽ മീൻപിടിതവും കുളിയുമായി നല്ല രസമാണ് .വിഷുവിന് രാത്രിയുള്ള പടക്കംപൊട്ടിക്കലും അടുത്തുള്ള കാവിലെ വേലക്ക് പോകുന്നതും ഞാൻ ഒരുക്കലും മറക്കുകയില്ല .

ഒരു ഓണാവധിക്ക് അവിടെ പോയപ്പോഴാണ് ഗോവണിക്ക് മുകളിൽ നിന്ന് ഞാൻ വീണത് . ആ പാട് എപ്പോഴും ഒരു ഓർമക്കായി നെറ്റിയിലുണ്ട് . കൃഷിപ്പണിയുടെ ആദ്യപാഠങ്ങൾ ഞാൻ പഠിച്ചതും വെല്ലിപ്പായിൽ നിന്നാണ് തൊടി കിളച്ചു മരിച്ച തടം കെട്ടി അതിൽ വിത്ത് നട്ടതരുമായിരുന്നു . ജീവതം എങ്ങനെ ആയിരിക്കണം ആളുകളോട് എങ്ങനെ പെരുമാറണം എന്നിങ്ങനെയുള്ള നല്ല ഉപദേശങ്ങൾ വെല്ലിപ്പത്തറുമായിരു. വെല്ലിപ്പയുടെ ജീവതം തന്നെ ഞങ്ങൾക്കൊരു പാഠമായിരുന്നു . എളിമയുടെയും സ്നേഹത്തിന്റെയും നിറകുടമായിരുന്നു എന്റെ വെല്ലിപ്പ. അമൂല്യമായതെല്ലാം അസ്ഥിരമാണെന്ന എല്ലാം ഒരു മധുരനൊമ്പരമാക്കി ആ സൂര്യനും ഞങ്ങളെ വിട്ട് അസ്തമിച്ചകേഴിനു വെല്ലിപ്പയുടെ മരണംഞങ്ങളെയെലാം വെലത്തെ പതിച്ചു അത് വരെയും കുട്ടികളായി നടന്നിരുന്ന ഉമ്മയും മാമയുമെല്ലാം ജീവിത ഭാരവും പേറി തിരക്കുള്ളവരായി തീർന്നു .

മാമന് ഒരു മോള് പിറന്നതാണ് ജീവിതത്തിലുണ്ടായ ഒരു സന്തോഷനിമിഷം . എനിക്ക് അനിയനോ അനിയത്തിയോ ഇല്ലാതത്തിൽ വിഷമിച്ചിരിക്കുമ്പോഴാണ് സുജമോൾ ,പിറക്കുന്നത് . ഞങ്ങൾ 3 പേര് ഞാൻ , സുജാമോൾ , അനു ആണ് ആ വീടിനെ ജീവനുള്ളതാക്കി തീർത്തത് മാമാ ഞങ്ങളെ പല ഉത്സാഹയാത്രകൾക്കുകൊണ്ടു പോവാറുണ്ടായിരുന്നു വെല്ലിപ്പയുടെ മരണംശേഷമുള്ള ജീവിതത്തിലേക്ക് അപ്പോഴേക്കും ഞങ്ങൾ ഇണങ്ങി ചേർന്നിരുന്നു ഇതുവരെയ്ക്ക് മൂന്ന് സ്കൂളുകളിൽ പഠിക്കാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ടെനിക്ക് ;ആദ്യം ഇസ്ലാമിക് സെൻട്രൽ സ്കൂളിലായിരുന്നു .ഉമ്മയുടെ B .Ed പഠന സൗകര്യം നോക്കിയായിരുന്നു എന്നെ അവിടെ ചേർത്തത്.പിന്നീട് ,ഉമ്മയ്ക്ക് ലക്ഷ്മി നാരായണയിൽ ജോലികിട്ടിയപ്പോൾ എന്നെയും അവിടേയ്ക്ക് മാറ്റി .ഏഴാം ക്ലസ് വരെ അവിടെയാണ് പഠിച്ചത് .പച്ചയായ ജീവിതം പഠിക്കാൻ , നാലൊരു മനുഷ്യനായി വളരാൻ , നല്ല അനുഭവമുണ്ടാവാൻ ,ചിന്ത ശക്തി, ഭാവന എന്നിവ വളർത്താൻ ആത്മവിശ്വാസം വര്ധിക്കാനൊക്കെ കഴിയണമെങ്കിൽ സർക്കാർ സ്കൂളുകളിൽ പഠിക്കണം എന്ന ആശയം മുന്നിൽ കണ്ടാണ് എന്നെ ഉമ്മ കടമ്പൂർ സ്കൂളിൽ ചേർത്തിയത് .

ഉമ്മയുടെ ആഗ്രഹത്തോട് നീതി പുലർത്താൻ എനിക്ക് കഴിയുന്നുണ്ടെന്നാണ് തോന്നുന്നത് .ഉമ്മയ്ക്ക് ഒറ്റ നിർബന്ധമേയുള്ളു ,"ഭാവിയിൽ നീ ആരായാലും നാട്ടുകാർക്ക് ഉപകാരമുള്ള നല്ല മനുഷ്യനാവണം "എന്നത് .അത് പാലിക്കാൻ ഞാൻ എന്റെ കഴിവതും പ്രയത്നിക്കും .അങ്ങനെ ആയിത്തീരണം എന്നതാണ് എന്റെ ലക്ഷ്യം

മുഹമ്മദ് അനീസ് .കെ
9B



# പൗർണമി പൂനിലാവ്



പാരിടമാകെ കറുക്കുമ്പോൾ ഒരു സുന്ദരി വന്ന് പിറക്കുന്നു
പാരിടമാകെ മയങ്ങുമ്പോൾ ഒരു പെൺകുട്ടി വന്ന് ചിരിക്കുന്നു
പൂവിൻ സൗന്ദര്യമാണോ നീ
വിണ്ണിലെ ദേവതയാണോ നീ.....

വജ്ര പ്രഭയോടെൻ മുമ്പിൽ തിളങ്ങി നിൽക്കും
നീയാര്?".?.,,,
നിന്നിലെ സൗന്ദര്യ ദൃഷ്ടങ്ങൾ ഭൂമിയിലാകെ നിറയുന്നു
കറുത്ത രാവിന് പൊൻകുടചൂടാൻ
വന്നൊരു ദേവതയല്ലേ നീ...
നിന്റെ പ്രകാശത്തിൽ മുമ്പിൽ എൻ
കണ്ണുകൾ പോലും തിളങ്ങുന്നു.
നിന്നുടെ ചാരുത കണ്ടു ചിരിച്ചിതാ മുല്ലമൊട്ടുകൾ വിടരുന്നു കരിമേഘങ്ങൾ കുട
ചൂടിച്ചൊരു സുന്ദരിയായൊരു റാണി നീ....
മനം മയക്കും ചന്ദ്രപ്രഭയേ....
ഭൂമിതൻ സൗന്ദര്യ പൗർണ്ണമിയേ ...:

# सहजीविस्नेहम्    सद्‌साधकम्

चित्रपुरम नाम ग्रामे कृषणो नाम एक: कश्रक: वसति स्म । काषि्रकमण्डले धनस्य अभाव: असीर।अत: स:अतीवक्लेशमनुभवति। स: उत्पादने क्रमकरै: साक: प्रत्नितवन्त: ;किन्तु कृषिक्षेत्रे अनेकेषां खाघवस्तुनाम जाशं स:न सहयते।

एकस्मिर दिने कृष्ण:मणैण गमनसमये स्वसुहृरदं राममपश्सत्।।कृष्णस्य वचनश्रकृषण:रामेवम् अवदत-"भो मित्र!समीचीनसमये एव तव दशनम् । अहमिदानीम् अतीव दरिद्रचेण क्लेशमनुभवामि । दिने एक वारमपि भोजनाथ्र मम हस्ते धनं नासीर। मम परिवारस्य पोषणे पि अहमसमथ्र किमपि साहारय्यम् । "इति अवदर । कृषणस्य वचनक्शवणमात्रेणैव राम: स्वाड्गे यद्किमपि आसीरतर कृष्णय अदार ।रामस्य सयरएं कृष्णा द्वे दिनस्य आते तस्य पुरमिव जीवनम सम्प्राप्तवान । वे द्व्यम साक कृष्णस्य कृषि देते अनेकेषां धयन्वस्तुना आरोपायर । तस्य परिवारे सवयशा संतोषपूर्ण जीवनम स्यार कृष्णस्य गृह राम :रामस्य गृहे गडछरा।तर समाये ग्रामे ग्रामणेतस्वाम आसिर ।कृष्णा: उत्सव विघम तस्य खड़वस्तूना प्रदर्शनम करोत्या गृहत: प्रभाते आगटछति । रामस्तु मघमागै क्षीणान्तरं एक:वृक्षस्य अध: उपविरात। उत्सवम् आरब्ध: ।किन्तु रामो : गन्तुम् न शक्त:।तत् समये कृष्ण: तस्य परिवारस्य साकं तेनैव कृतम् खघवस्तूनांअपि तस्य हस्ते आसीर समस्य क्षीणं दृष्ट्वा कृष्णस्य पत्नि रामाय जलं अदार । मन्दिरार लब्दुं प्रसादमपि तैनेव अदात्। यदा
स: आक्रान्तेन वायस भोक्तुमुघुक्त: तदा एकं दीनरोदनम् अश्रुणार 'अतीव बुभुक्षा , कृपया भक्षण ददातु । भक्षण कृत्वा विनद्वयमभवर 'इति।स: दीनस्वर: एकस्या: अनाधबालिकाया:आसीत्।
राम: तदभोजणनम् बालिकायै अदात्। सा तं भक्षणं सव्र खादितवति। त्दब्ट्वा सन्तुब्ट:
कृष्ण: तत्रत: गन्तुमुघुक्त: ।राम: अपि बहुधा सन्नुब्टवान्।
बालिकाया: स्थाने एका देवता प्रत्यक्षीभूत्वा-रामं कृष्ण च अवदत-"भो!अस्मिन् जिविते
सहजीविस्नेहं अन्यन्तं प्राधान्यं अह्रन्ति। सहजीविस्नेहम्

# ഓർമ്മകളിലൂടെ ഒരു സഞ്ചാരം

**(ആത്മകഥ)**

എഴുവാനായി മഷിപ്പേനയെടുത്ത് എന്റെ പതിവ് പുസ്തകം തുറക്കുമ്പോഴും എന്തെഴുതണമെന്ന ചിന്തയിലായിരുന്നു ഞാൻ .പുസ്തകകടലാസിൽ പേനയൊന്നു വച്ച "ഒന്നും മനസ്സിൽ വരുന്നില്ലല്ലോ" ഞാൻ എന്നോടായി പറഞ്ഞു. അല്പം നിശ്ശബ്ദത ആഗ്രഹിച്ചാണ് രാത്രിയെ തിരഞ്ഞെടുത്തത് "ഓ,അവനൊരു വല്ല്യ കഥാകാരൻ ",- ചേച്ചിയോട് ടി. വി .യുടെ ശബ്ദമൊന്ന് കുറയ്ക്കാൻ പറഞ്ഞപ്പോഴുള്ള മറുപടിയാണ് .എന്നാൽ ,അതിനോടെല്ലാം തർക്കിക്കാൻ ഞാൻ നിന്നില്ല ;എന്തെഴുതണമെന്ന ചിന്തയിലായിരുന്നു ഞാൻ. എന്നാൽ ,ഈ സമയത്തിനുള്ളിൽ എഴുതാൻ വച്ച കടലാസ്സ് എന്റെ പേനയിലെ മഷി ഊറ്റി കുടിക്കുകയായിരുന്നു."ആ പേജ് അങ്ങനെ നാശായി ." ഞാൻ മെല്ലെ പറഞ്ഞു .

ചിലപ്പോഴൊക്കെ അങ്ങനെയാണ് , "തെറ്റുമാനിക്കേണ്ട സമയത്തു തീരുമാനിക്കാതെ വേവലാതികൾ ചിന്തിച്ചിരുന്നാൽ , അത് മറ്റ് പലതിനും കാരണമായേക്കാം ." അത് കടലാസിലേറ്റ മഷി പാടായാലും ജീവിതത്തിലേറ്റ അനുഭവമായാലും രണ്ടും തിരിച്ചെടുക്കാനാവാത്തതാണ് . അതുകൊണ്ട് ,ഞാൻ എഴുതാൻ തുടങ്ങി .

അന്ന് മീനത്തിലെ അശ്വതിയായിരുന്നു. ഓർക്കുവാൻ തക്കവണ്ണം ആ ദിവസത്തിന് വലിയ പ്രത്യേകതയൊന്നുമുണ്ടായിരുന്നില്ല. 2004 -ലെ ഒരു മാർച്ച് മാസത്തിലായിരുന്നു എന്റെ ജനനം . എന്റെ പിറവിയെ കാത്തുനിന്ന ഒരു പ്രധാന വ്യെക്തിയുണ്ടായിരുന്നു, എന്റെ അച്ഛച്ചൻ .ഞാൻ ജനിച്ചതറിഞ്ഞ് കടയിലെ പണിയെല്ലാം വിട്ട് ഓടിവരുകയായിരുന്നു പാവം . എന്നെ കണ്ടയുടൻ അച്ഛച്ചൻ നന്നായി ചിരിച്ചുവെന്ന് അമ്മ പറയാറുണ്ട് എന്തുകൊണ്ടോ, അപ്പോഴും ഞാൻ കണ്ണ് തുറന്നിരുന്നില്ല .

പിന്നെ ,അതും മറഞ്ഞു .എങ്കിലും ഓർമിക്കാവുന്ന ഒരു പിടി ഓർമ്മകൾ തന്നനായിരുന്നു അച്ഛച്ചൻ മടങ്ങിയത് ."അച്ചുവോ ,അച്ഛച്ഛനെ ഒന്ന് വിളിക്കടാ,നീ വിളിച്ചാ അച്ഛച്ചൻ എണ്ണിയ്ക്കും." -അച്ഛച്ഛനിറപുരവുമിരുന്ന അമ്മായിമാർ എന്നോടായി പറഞ്ഞു.അന്നത്തെ എന്റെ എട്ടു വയസ്സുകാരന്റെ ബുദ്ധിയ്ക്ക് അതിന് എന്ത് മറുപടി നൽകണമെന്ന് ബോധ്യമില്ലായിരുന്നു .

പിറ്റേന്ന് സ്കൂളിലേക്ക് പോകുമ്പോൾ എന്നുമുള്ള അച്ഛച്ഛന്റെ " നോക്കി പോട്ടെ അച്ചൂ "-എന്ന ഒച്ച കേൾക്കാതെ എനിക്ക് എന്തോ പോലെ തോന്നി .സ്കൂളിലെത്തിയപ്പോൾ കൂട്ടുകാരുടെ ചോദ്യങ്ങൾക്കും ഞാൻ സാക്ഷിയായി .

ആ ജീവിതം എന്തു രസകരമായിരുന്നു. ഞാൻ ഓർത്തു ;സെന്റ് ജോസഫ്‌ലിലേത്. ഇണക്കങ്ങളും പിണക്കങ്ങളുമായി എത്രെയെത്രെ ഓർമ്മകൾ. കൂട്ടുകാരെ പോലെ ഒപ്പം സംസാരിച്ചും ചിരിച്ചും പഠിപ്പിച്ച ടീച്ചർമാർ, സിസ്റ്റർമാർ; എല്ലാ

മിന്ന് ഞാൻ ആസ്വദിച്ച ഒരു കൂട്ടം ഓർമ്മകൾ മാത്രമായി . ഇതിനിടയിൽ കുറെ കൂട്ടുകാരായി, അവരോടൊത്ത് നിമിഷങ്ങളായി . അവയിൽ ഞാൻ ഏറ്റവുമിഷ്ടപെടുന്ന ഓർമ്മകൾ സമ്മാനിച്ചത് എന്റെ എട്ടാം ക്ളാസ് ജീവിതമായിരുന്നു. ഞങ്ങൾ ഒൻപത് പേർ മാത്രം ഒരു ക്ളാസിൽ . അപ്പോൾ തന്നേയാണ് ഇനി ഒരു നല്ല കൂട്ടുകാരനെ കിട്ടിയത്, ആദർശ് . അവനെ ഞാനിപ്പോഴും ഓർക്കുകയും വിളിക്കുകയും ചെയ്യുന്നുണ്ട് . അവനെനിക് ഒരു നല്ല കൂട്ടുകാരൻ തന്നെയായിരുന്നു .

അവിടെ നിന്ന് ഒൻപതാം ക്ലാസിലേക്ക് വേറെ സ്കൂളിൽ ചേർക്കണമെന്ന് നിർബന്ധിച്ചത് ഞാനായിരുന്നു .അച്ഛനോട് വളരെയധികം പറഞ്ഞിട്ടാണ് അച്ഛൻ അതിന്നു സമ്മതിച്ചത് .എന്നാൽ ഇപ്പോൾ ഞാൻ എന്റെ സ്കൂളിനെ വളരെയധികം ഓർക്കുന്നു .ഞാനും അച്ഛനുമായി ഇടയ്ക്കിടയ്ക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാക്കാറുണ്ട് .എന്റെ അച്ചൻ നല്ല ഒരു ദൈവവിശ്വാസിയാണ് .അന്ധമാണ്ണെന്നു തോന്നില്ലെങ്കിലും ചിലപ്പോഴൊക്കെ അച്ഛന്റെ പെരുമാറ്റത്തിൽ അവയുടെ സാന്നിധ്യം ഞാൻ കാണാറുണ്ട് .പ്രാർത്ഥന മനസിൽ സ്വയം തോന്നേണ്ടവയാണ് .അതിനെ ഒരാൾക്കുമേൽ വെച്ചുകെട്ടി ഏറ്റാൻ നിർബന്ധിക്കരുത് .ഇതിൽ അമ്മയുടെ അഭിപ്രായവും ഇതു തന്നെയാണ്.എന്റെ അമ്മ ഒരു പാവം സ്ത്രീയാണ് .അമ്മയെന്നുമെനിയ്ക്ക് സമാധാനവും പ്രചോദനവും നല്കുന്ന ഒരു സ്വഭാവകാരിയായിരുന്നു .അമ്മയൊന്നിനും എന്നിൽ നിർബന്ധം ചെലുത്തിയിരുന്നില്ല .കാരണം ,അമ്മയ്ക്കെന്നെ വിശ്വാസമായിരുന്നു .എന്റെ എല്ലാ സംശയങ്ങൾക്കും വേവലാതികൾക്കും ഉത്തരം കണ്ടെത്തിയിരുന്നത് അമ്മയായിരുന്നു .ഇന്നും അങ്ങനെത്തന്നെ .

എന്റെ ഇപ്പോഴത്തെ ജീവിതത്തിൽ എനിക്ക് അനാവശ്യമായി വേവലാതികൾ തോന്നുന്നു.അത് അനാവശ്യമാന്നെനറിഞ്ഞിട്ടും എനിക്ക് അതിനെ നിയന്ത്രിക്കാൻ സാധിക്കുന്നല്ല .എന്നെക്കുറിച്ച് എനിക്കുതന്നെ നല്ല ബോധ്യമുണ്ട് .മനോബലവും ധൈര്യവും തീരെ കുറവായതിനാലാവാം എനിക്കെന്നും വേവലാതികളായിരുന്നു .

ഞാൻ എന്റെ എല്ലാ വേവലാതികളെയും കുറിച്ച പറയുന്ന ഒരാളുണ്ട് വിദ്യാച്ചേച്ചി . ചേച്ചിയോടൊപ്പമിരിക്കാൻ എന്തു രാസമാണെന്നോ! ചേച്ചി ഒരു കുട്ടിയെപോലെയാണ് എനോട് സംസാരിക്കാർ . ഞാൻ ഞാൻ എന്റെ വേവലാതികളെ പറ്റി പറയുമ്പോൾ, ചേച്ചി ചേച്ചിയുടെ ടെൻഷനെകുറിച്ചെലും എനോട് പറയുമായിരുന്നു. ചേച്ചിയെന്ന പരമാവധി ഉപദേശിച് നേരെയാക്കാൻ നോകാറുണ്ട് ."അച്ചു,ഞാനൊക്കെ എന്ത് സമയത് എത്ര കളിച്ച രസിച്ച നടന്നിട്ടുണ്ടെന്നറിയോ? അപ്പോഴാ അവന്റെ ടെൻഷൻ ."-അത് ശരിയാണ് ചേച്ചി പറഞ്ഞത് ആസ്വദിക്കേണ്ട സമയമല്ലെ, ഞാനിങ്ങനെ എന്തിനാ ടെൻഷനടിക്കുന്നത് എന്ന് എനിക്ക് തേനേ തോന്നാറുണ്ട് . അങ്ങനെ തോന്നി തോന്നി , ഒരു ദിവസം വിചാരിക്കും ;ഇനി ഞാനൊന്നുമോര്ത് ടെൻഷനടിക്കില്യാന്ന്,"-എന്നാലോ അത് ഒരു വട്ടം സൂര്യൻ പൊങ്ങി താഴുന്നവരെ മാത്രമേ നീണ്ടു നിൽക്കു.

ഞാനിപ്പോൾ ഒൻപതാം ക്ലാസിലാണ് .പത്താം ക്ലാസിൽ ഫുൾ എ

പ്ലസ് നേടണമെന്ന എനിക്ക് ആഗ്രഹമുണ്ട് .അതിനായി ഞാനിപ്പോൾ തന്നെ,എന്റെ പരമാവധി പഠിക്കുകയും ശ്രമിക്കുകയും ചെയ്യുന്നുവെന്ന് എനിക്ക് ബോധ്യമുണ്ട് .വായനക്കാരായ നിങ്ങളിൽ ഞാനെങ്ങോട്ടാ ഇങ്ങനെ തള്ളി കേറ്റുന്നതെന്ന് നിങ്ങളിൽ ഒരു ചിന്ത വന്നേക്കാം .എന്നാൽ ചങ്ങാതി ,ഇതെല്ലാം ശരിയായ കാര്യങ്ങൾ തന്നെയാണ് .

പുറത്തു നിന്ന് നോക്കുമ്പോൾ സുഖകരം എന്ന് തോന്നുന്ന ഒരു ജീവിതമാണ് എന്റേത് .എന്നാൽ ,അതിലെ ആഴത്തിലുള്ള ഗവേഷണങ്ങൾ നോക്കിയാൽ ,"എന്തു രസാ അശ്വിന്റെ ജീവിതമെന്ന പറയാൻ കൂടുതൽ പേർക്ക് തോന്നില്ല .പരിഹാസങ്ങളും ഒറ്റപെടലുകളും ,അവയ്ക്കൊപ്പം എവിടെയോ വീണു കിട്ടിയ മികവുകളും നിറഞ്ഞതാണ് എന്റെ ജീവിതം .

എന്റെ ജീവിതത്തിലെ സങ്കടജനകമായ പല സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. ഓർക്കാൻ വെറുക്കുന്നതും തിരിച്ചു വരല്ലേ എന്ന ഞാൻ അതിനെ നോക്കി പറയുന്നതുമായുള്ള ഓർമ്മകൾ. അപ്പോഴെല്ലാം ഞാൻ കരഞ്ഞിട്ടുണ്ട്. അപ്പോഴൊക്കെ ചിലർ എന്നോട് പറഞ്ഞിട്ടുണ്ട്, "അയ്യേ !ആണ്കുട്ട്യോൾ കരയോ? ആണ്കുട്ടിയോള് കരയാൻ പാടില്ല്യ ."-അവരെന്നെ സമാധാനിക്ക തക്ക വണ്ണം ചൊല്ലിയതാവും എന്നാൽ ചിലപ്പോൾ ചിലരതിനെ കുറിച്ച കൂടുതൽ ചിന്തിച്ച ശെരിതെറ്റുകൾ മനസിലാക്കാൻ ശ്രമം നടത്താറുണ്ട് അവരിലൊരാളായിരുന്നു ഞാനും .

കാലം എനിക്ക് തന്നെ വേഷം ഞാൻ നന്നായി ആടുന്നുവെന്നുള്ളതിൽ എനിക്ക് ഒട്ടും സംശയമില്ല ഒരു ഡോക്ടറാവണമെന്നുള്ള മോഹമുണ്ടെനിക്ക് ചിന്തയും കാലവും ചുറ്റുപാടുകളും സാഹചര്യം ഒരുക്കിയാൽ ഞാൻ അത് നേടുകതന്നെ ചെയ്യും .

ഓർമകളിലൂടെ എന്റെ സഞ്ചാരം മതിയായിയെന്ന എനിക്ക് തോന്നുന്നു .ഇവയിലൂടെ എന്റെ ചെറിയ ചെറിയ ആശയങ്ങൾ നിങ്ങളിലെത്തിയെന്ന കരുതട്ടെ .ഇവാ എന്റെ ആശയസംഭരണിയല്ല ,മറിച്ച് എന്റെ ശബ്ദമാണ് .


മറ്റുള്ളവർക്കായി സ്വന്തം അഭിപ്രായങ്ങളും ചിന്തകളും മാറ്റിവെയ്ക്കരുത് . അതിനെ വീണ്ടും പരിഗണിച്ചിട്ടും അതിൽ കുറവുകളെ കാണാൻ സാദിക്കുന്നില്ലെങ്കിൽ അവയിൽ മാറ്റം വരുത്തരുത് . നീയൊഴികെയുള്ള അധ്യായങ്ങളെലാം നിന്റെ ജീവിത പുസ്തകത്തിൽ നിന്ന് എന്നെന്നേക്കുമായി അടർന്നു വീഴും . ഏറ്റവുമൊടുവിൽ നീയും . അടർന്നു പോകുന്നവയായി സ്വന്തം ജീവിതത്തിൽ അനാവശ്യമായ മാറ്റങ്ങൾക്ക് സ്ഥാനം നൽകരുത്. ജീവിതത്തിൽ അടരാത്ത നാളുകൾക്ക് സ്ഥാനം നൽകു അതിലൊന്നാകട്ടെ ഇത്.

പ്രത്യാശ മനസ്സിൽ സൂക്ഷിച്ച് ഇനിയും ഓർമകളാവാത്ത ജീവിത മുഹൂർത്തങ്ങൾക്കായി എന്റെ ജീവിതം തുടരുകയാണ് .......................

അശ്വിൻ ഇ എച്ച്

9B

# ചിത്രങ്ങൾ .... .......





.....നാഥുൽ 8 A





.....നാഥുൽ 8 A





ചിത്രങ്ങൾ
അശ്വിൻ ഇ എച്ച്
9B

# എന്റെ ജീവിതചിന്തകൾ

അന്ന് ഞാൻ കണ്ടൊരാ പടുവൃദ്ധനീവിധം
എന്തോ മനം വിങ്ങി ചൊല്ലുന്നതിങ്ങനെ :
"എന്തിനീ ദീർഘമം ജീവിതം തന്നെന്നെ
നിത്യം വിരഹത്തിലാഴ്ത്തുന്നിതാ ഈശൻ."

എങ്കിലോ ജീവിതം എൻ ചിന്തയിങ്കൽ
കേവലം ഹ്രസ്വമാം നീർപോളയെന്നപോൽ.
നശ്വരമീ യാത്ര ,വർണ്ണന ധാരാള-
മെങ്കിലും സത്യമിതൊന്നുമാത്രം .
"ജയമോ വിഷാദമോ മിത്രമോ ശത്രുവോ
സർവ്വമീ ചിത്തത്തിൻ ചിന്തയല്ലേ ? "

തോൽവിയാൽ ജീവിതം വിഫലമായ് മാറുന്ന
എന്നൊരീ പാഴ്ചിന്തയെന്തിനായി.
സഫലമോ വിഫലമോ പുല്ലേണ്ടതേതെന്നു
നിയന്ത്രിപതും ഈ മനം താനല്ലോ.

വേണ്ടൊരു കോടി അരുണപ്രഭകളീ
ഒരു പുലരിക്കിന്നു ജന്മമേകാൻ .
മതിയൊരു മനസിലുതിരുന്ന ഒരു കണം
ശോഭയീ ഉഷസ്സിനു രൂപമേകാൻ .





അടഞ്ഞൊരാ വാതിലിൽ മുട്ടൻ ശ്രമിപ്പൂ നാം
നോക്കില്ല  മറുവാതിലെവിടെന്ന്.

പുതുരാവ് മെനയാൻ മറയ്ക്കാൻ കഴിവില്ല
സൗരപ്രഭയെങ്കിൽ എന്തിനീ വിഫലത ,
പകരമാ വിണ്ണിലായ് നിശയവൾക്കൊരു
പ്രഭയെഴും നിലാവ് വിരിച്ചാൽ മതി.

ഈ വിധം മനമതെല്ലാമറിയുന്നു എങ്കിലും
നിത്യമതെന്നും വ്യതിചലിപ്പൂ .



അശ്വിൻ  ഇ എച്ച്
9 ബി

# सहजीवीस्नेहम्

एकस्मिन्  ग्राम एवं गंधमाना: नाम प्रशस्त: पर्वत: स्थितवन् । तस्य अंतः एक तटाक: आसान् । तस्यै: दे  मत्सया वसति सम । सा एवं ससंतोषयति वसति स्म: । तस्य समीपे एक हरिण : वसति स्म । मत्सय: हरिण  सुह्रद: अस्थि। अस्मिन् समाये निलाकाशम मनोहरं भवति ।

ग्रीण्मकाल: आगच्छति स्म । अस्य तटाकस्य शून्यं भवति । मत्सया: संकट: अनुभवति । तस्यावसरे एवं महत्वव्यक्ति आयतु । स: मत्सया: रक्षयति स्म । ग्रीण्मकाल: अतीवाकाठिन:  आसीत्  सर्वेषु  पढ़बंधनादि  दुरित: अनुभवंती । अस्मिन् हरिण: अवस्था कपटं भवति । स: भक्ष्य: एवं पालद्धन: अस्तु । तूत्  नारं करोति स्म । मत्सया: रक्षयति महत्वव्यक्ति  आगच्छतु । स: रक्षयति अस्मिन् हरिण:। सहजीविसनेहं एवं महत्वकार्य: भवति स्म ।

- श्रीविद्या  के

10 A

# मेरी प्रिय पुस्तक :- "रामचरितमानस "

मुझे तरह -तरह की पुस्तकें पढ़ने का शौक है । पुस्तक हमारी सच्ची मित्र होती है । पुस्तकों हमें ज्ञान प्रदान करने का मुख्या साधन है । पुस्तक पढ़ने से हमारा मनोरंचन भी होता है । पुस्तकों के पढ़ने से मनुष्य का अकेलापन दूर होता है । इनसे हमें जीवन के प्रत्येक क्षेत्र में प्रेरणा मिलती है ।

पुस्तकों का शौकीन व्यक्ति किसी न किसी एक पुस्तक को बहुत पसंद करता है । अपनी सर्वाधिक प्रिय पुस्तक की चर्चा व्यक्ति अपने संपर्क में आने वाले व्यक्तियों से कर्ता है । उस पुस्तक की बहुत सी बातें उसे हमेशा याद रहती है । मेरी प्रिय पुस्तक रामचरितमानस है । रामचरितमानस की रचना गोस्वामो तुलसीदास ने 16 वीं शताब्दी में की थी । यह पुस्तक व्यक्ति ,परिवार,समाज और राष्ट्र सभी के लिए आदर्श है ।

जहाँ कहीं भी आप जन समुदाय को झूमते हुए देखें ,समझ ले यहाँ गोस्वामी तुलसीदास रचित रामचरितमानस की कथा कहा जा रही है । इस ग्रन्थ की रचना गोस्वामीजी ने चैत्र मास राम नवमी संवत् 1631 को आरंभ की थी -

"संवत् सोलह सौ इक्तीसा । कहहूँ कथा हरि पढ़ सीसा ।।"

रामचरितमानस की रचना पश्चिमी अवधी भाषा में हुई है । इसका दोहा -चौपाई छन्दों में लिखा गया है । यह एक महाकपय है । यह सात कापडोंमें विभाजित है - भालाकाण्ड, अयोध्याकाण्ड , अरण्यकाण्ड, किष्किंधाकाण्ड, सुन्दरकाण्ड, लंकाकाण्ड तथा उत्तरकाण्ड ।

रामचरितमानस की कथा के चार वक्ता है -शिवजी , कागभुशुण्डिजी ,याज्ञवल्क्यजी और तुलसीदासजी । इनके श्रौता क्रमश : पार्वती,गुरुड़,भारद्धाज तथा संतजन है । इनमें मुख्य वक्ता शिवजी तथा मुख्य श्रोता पार्वती जी है । पार्वतीजी ने शिवजी से सात प्रश्नों किए हैं । शिवजी ने उनके उत्तर दिए हैं । इन सात प्रश्नों के उत्तर ही रामचरितमानस की कथा हैं ।

तुलसीदास जी ने इस ग्रन्थ में जीवन के प्रत्येक पथ एवं प्रत्येक संबन्ध के विषय में

बताया हैं । इसमें मानव -जीवन में आनेवाली प्रत्येक संबन्ध के विषय में बताया हैं । इसमें मानव -जीवन में आनेवाली प्रत्येक समस्या का समाधान प्रस्तुत किया गया हैं । गोस्वामीजी ने माता ,पिता ,पुत्र ,भाई ,पति ,पत्नी ,सेवक ,स्वामि ,राजा,प्रजा ,भक्त आदि सबके एक दूसरे के प्रति कर्तव्यों का उल्लेख किया हैं । रामचरितमानस को पाँचवाँ वेद कहा जाता हैं । इसके प्रभाववश हम इसमें बताए गए विधि नियमों को बड़ी आसानी से स्वीकार कर लेते हैं । तुलसीदास जी ने अपने युग में प्रचलित अनेक विरोधों के मध्य सामजस्य स्थापित किया । रामचरितमानस जीवन में जोड़नेवाला ग्रन्थ हैं । इसमें श्रीराम अवतारी पुरुष हैं । इसमें उनका व्यवहार सामान्य व्यक्ति की शाँति दिखाया गया है ।

" जौ,जनता ऊँ बन बंधू बिछाहू,पिता वचन मेनताऊँ नहीं ओऊँ ।"

रामचरितमानस में जिस राम-राज्य की कल्पना की गई है ,आज का कल्याणकारी राज्य असी पर आधारित है । इस ग्रन्थ ने शौतिकवादी समाज में जीवन मूल्यम बहुत ही निम्न कोटि के हो जाते हैं।

इसमें बहुत से महत्वपूर्ण संदेश दिए गए हैं , यथा -व्यक्ति को स्वावलम्बी एवं आत्मनिर्भर होना चाहिए । गोस्वामीजी के अनुसार शक्ति का अर्थ जीव मात्र की सेवा करना हैं । रामचरितमानस का सवार्धिक महत्वपुर्ण संदेश यह है की वह सांसारिक सुखों को सरस्व न समझे ,इसलिए कल्याण की प्रपति अवरयक है । तुलसी का यह ग्रन्थ लोक -कल्याण की भावना का आदर्श है ।

इस ग्रन्थ में जीवन की समस्त समस्याओं का समाधान प्रस्तुत किया है । तुलसीदास जी ने इस ग्रन्थ के द्वारा राम कथा को पंडित वर्ग तक सीमित नहीं रहने दिया । उन्होंने राम-कथा को इस माध्यम से जन -जन तक पहुँचाया । यह हमारा मार्गदर्शक व संकटमोचक ग्रन्थ है । यही कारण है कि इस ग्रन्थ ने मुझे बहुत प्रभावित किया । मैं इस ग्रन्थ से सदैव ही प्रेरणा प्राप्त करता रहूँगा ।

- वर्षा वि पि , 10 B



# മഴത്തുള്ളികളുടെ മോഹം

എന്നത്തേയും പോലെ എന്നും അവിടെ തർക്കം തുടരുന്നുണ്ട് . ആകാശത്തെ ആ തർക്കം മഴത്തുള്ളികളുടേതായിരുന്നു . കുഞ്ഞുമഴത്തുള്ളികൾ വർണാഭമായ ആ ഭൂമി കാണാനും മണ്ണിനടിയിലേക് പോവാനുമുള്ള തിടുക്കമാണ് തർക്കത്തിനുവഴിയൊരുക്കിയത് . മഴത്തുള്ളികളുടെ കൂട്ടത്തിൽ ഏറ്റവും ചെറുതായിരുന്ന ഒരു ചെറിയ ഒരു ചെറിയ മഴതുള്ളി വാശി പിടിക്കാൻ തുടങ്ങി "ഞാനല്ല നിങ്ങളിൽ ഏറ്റവും ചെറുത് അപ്പോൾ പോകുന്നത് കണ്ട് തുള്ളികളിൽ ഏറ്റവും പഴക്കമുള്ള ഒരു തുള്ളി പറഞ്ഞു . ഇത്തവണ മുതിർന്ന മഴത്തുള്ളികൾ പോയിട്ട് വരട്ടെ എന്നിട്ട് കുഞ്ഞുമഴത്തുള്ളികൾക്ക് അവിടുത്തെ വിശേഷങ്ങൾ പങ്കുവയ്ക്കട്ടെ. ഈ അഭിപ്രായത്തോട് പിന്നെയാരുംനിരസിച്ചില്ല കുഞ്ഞുമഴത്തുള്ളികളും ഇക്കാര്യത്തിന് മനസില്ലാമനസോടെ സമ്മതിച്ചു . അങ്ങനെ ആ സമയം വന്നുചേർന്നു കുഞ്ഞിമഴത്തുള്ളികളോട് വിടചൊല്ലി മറ്റുള്ളവർ സന്തോഷത്തോടെ നിന്നു . ഓരോരുത്തരായി താഴോട്ട് വീണു തുടങ്ങി . അവരുടെ ഉത്സാഹം തുള്ളികൾക്ക് തണുപ്പ് കൂട്ടി . അവർ മണ്ണിനടിയിൽ കാണാതിരിക്കുന്ന മറ്റുവെള്ളത്തുള്ളികളെ പരിചയപെടുന്ന സ്വപ്നവും കണ്ട് കണ്ണടച്ചു താഴേക്ക് വീണു . എവിടെയോ വീഴുന്നത് പോലെ അനുഭവപ്പെട്ടപ്പോൾ അവർ മണ്ണിനടിൽ എത്തിയെന്നുകരുതി കണ്ണുതുറന്നു പക്ഷെ അത് കോൺക്രീറ്റിട്ട ഒരു വലിയ കൊട്ടാരംപോലെയുള്ള വീടിന്റെ മുട്ടമായിരുന്ന് . അവിടെ അവർ സ്വപ്നം കണ്ടപോലെ ചിത്രശലഭലങ്ങൾ പാറുന്ന പൂന്തോട്ടവുമോ പന്തലിച്ച നിൽക്കുന്ന മരങ്ങളോ എല്ലാ പകരം ഒന്നിനൊന്നായി വാഹനങ്ങൾ മാത്രം ഇതിനെ കണ്ട് പതറിയെങ്കിലും മഴത്തുള്ളികൾ വിശ്വാസം കൈവിടാതെ ഒഴുകി .

റോഡരികിലൂടെയുള്ള ആ സഞ്ചാരം അവർക്ക് കൂടുതൽ വിഷമം നൽകി.കാരണം അവർ പോകുന്ന വഴിയിൽ മുഴുവൻ കവറുകളിലാക്കി ഉപേക്ഷിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളും അസഹ്യമായി തോന്നിക്കുന്ന ദുർഗന്ധവും ആയിരുന്നു.ഇത്രയും അനുഭവങ്ങൾ ഏറ്റിട്ടും ഒരിറ്റു വിശ്വാസം എവിടെയോ തങ്ങി നിന്നു അത് അവരെ മുന്നോട്ടു പോകുവാൻ പ്രേരിപ്പിച്ചു.പെട്ടെന്നതി ഒരു കൂട്ടം മഴതുള്ളി പോകുന്ന വഴിയിൽ റെയിൻ കോട്ടും ഹെൽമെറ്റും ധരിച്ച് രണ്ടുപേർ അറിയാത്തപോലെ ബൈക്കിൽ നിന്ന് ഒരു കിറ്റ് മാലിന്യം മഴത്തുള്ളികളുടെ ദേഹത്തേയ്ക്ക് വീണു.

ആ ഇരുട്ടിൽ നിന്നും ദുർഗന്ധത്തിൽ നിന്നും എത്രശ്രേമിച്ചിട്ടും അവർക്ക് മോക്ഷം ലഭിച്ചില്ല . അപ്പോഴതാ ഒരു കുട്ടി സ്കൂളിൽ പോകുന്ന വഴിയിൽ അവർ എറിഞ്ഞുപോയ ആ കവർത്തടിമാറ്റിപോകുന്നു അങ്ങനെ ആ തുള്ളികൾ രക്ഷപെട്ടു .

അവർക്കൊരിറ്റശ്വാസം ലഭിച്ചെങ്കിലും അവരുടെ ഭംഗിയെല്ലാം നഷ്ടപ്പെട്ട് കെഴിഞ്ഞിരുന്നു ആരും ഓർക്കുന്ന രൂപത്തിലായി അവർ ആകെമൊത്തം .

പകൽ തുടങ്ങിയ യാത്ര വളരെയധികം നേരം നീണ്ടു നിന്നെങ്കിലും ഒരു ശുദ്ധമായ മൺതരിയെ പോലും അവർക്ക് സ്പർശിക്കാനായില്ല .എന്തിരുന്നാലും നിരാശയോടെ ഈ യാത്ര തുടരുക എന്നതിലുപരിയായി അവരുടെ മുന്നിൽ വേറെ മാർഗങ്ങളൊന്നും ഉണ്ടായിരുന്നില്ല .ഒഴുകിയൊഴുകി അവൻ പല ജല സ്രോതസ്സുകളിലും എത്തി പെട്ടെങ്കിലും പേരിൽ മാത്രമേ ജലമെന്ന വാക്കുള്ളൂ അവയെല്ലാം മാലിന്യകുമ്പാരങ്ങളായി മാറിയിരുന്നു.മണ്ണിനടിയിൽ പോയിട്ട് പുഴകളിൽ പോലും പരിചയപ്പെടാൻ ഒരു വെള്ള തുള്ളി പോലുമില്ല.ആ മഴതുള്ളിക്കളിലെ ഒരു ഇളയ തുള്ളി കൂട്ടത്തിൽ ഒരുവനോട് ചോദിച്ചു."എന്താണീ ,ഭൂമി എങ്ങനെയായിമാറിയത് ? നമ്മുടെ മുത്തശ്ശിമാർ പറഞ്ഞ ലോകം എങ്ങനെയല്ലല്ലോ.പച്ചപ്പാർന്ന മരങ്ങൾ തിങ്ങിപ്പാർക്കുന്ന പരവതാനി പോലെ പരന്നു കിടക്കുന്ന വയലുകളും കള കളം ഒഴുകുന്ന പുഴകളും അരുവികളും മാലിന്യങ്ങൾ ഒന്നുമില്ലാത്ത ഒരു സുന്ദരഭൂമിയെപ്പറ്റിയല്ലേ. പിന്നെയെന്താണ് ഇവിടം ഇങ്ങനെയായി മാറിയത് ?" -ഇതു കേട്ട തുള്ളി തനിക്കുണ്ടായ ഏത് സംശയത്തിന് മറുപടി കിട്ടാതെ മനസ്സിൽ കരുതി ."കുഞ്ഞി മഴത്തുള്ളികളെ ഇവിടേയ്ക്ക് അയക്കാത്തത് വളരെ നന്നായി .കാരണം ,ഇപ്പോഴവർക്ക് ആശ്വാസമാകുന്ന ഒരേയൊരു ചിന്ത ഇതുമാത്രമാണ് .തുടർന്നുള്ള യാത്രയിൽ അവർ അവരുടെ വീട്ടിൽ കൂട്ടുകാരുടെ അടുത്തെത്താൻ ദൈവത്തിനോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു .

-

സന .എ

8 C

# അമ്മ

റെയിൽവേ സ്റ്റേഷനിൽ നിന്നും തിരിച്ചെത്തിയത് സെൻ തോമസ് പള്ളിയിലായിരുന്നു .തന്റെ അമ്മച്ചിയുടെ ശവ കല്ലറയിൽ പുഷ്പങ്ങൾ സമർപ്പിച്ച് അമ്മച്ചിയെ തൃപ്തിപ്പെടുത്തി അവൻ തിരികെ നടന്നു .ഇനി യാത്ര വെറ്റിലയ്ക്കാണ് ;തന്റെ അമ്മച്ചിയുടെ മണമുള്ള സ്നേഹത്തിന്റെ കാറ്റുവീശുന്ന ആ നാലു ചുമരിനുള്ളിലേയ്ക്ക് .എന്നാൽ തിരികെ നടക്കുമ്പോഴും താനാണോ ആ വീടിനെ ഒരു ശവകുടീരമാക്കി തീർത്തത് എന്ന കുറ്റബോധംഅവന്റെ ഉള്ളിൽ ഊഴ്ന്നിറങ്ങുകയായിരുന്നു. തന്റെ തെറ്റ് തന്നെയാണ് തന്റെ ദുഖത്തിന് കാരണമെന്നു അവൻ സ്വയം തിരിച്ചറിഞ്ഞു .ടാക്സി വിളിച്ച് വീടിനു മുൻപിൽ ചെന്നിറങ്ങുമ്പോഴും അവന്റെ ചിന്തയും മനസ്സും ഇക്കാര്യത്തിൽ ദൃഢമായിരുന്നു .

വീടെല്ലാം ആകെ കാടു പിടിച്ചിരുന്നു .ഭിത്തികൾ പാതി അടർന്നിരിക്കുന്നു .അവിടെയെല്ലാം വൃത്തിയാക്കി തീർന്നപ്പോഴേയ്ക്കും നേരം സന്ധ്യയോടടുത്തിരുന്നു .അന്നത്തെയവന്റെ അത്താഴം ഓർമ്മകളായിരുന്നു.മാധുര്യം നുണയുന്ന മറ്റൊരർത്ഥത്തിൽ കണ്ണ് നനയിക്കുന്ന ഓർമ്മകൾ .ക്ഷീണം കൊണ്ടോ ,വേദന കൊണ്ടോ എന്നറിയില്ല ,അവൻ അന്ന് നേരത്തെ കിടന്നു .പക്ഷെ ഉറക്കം മുഖം തിരിച്ചു.കണ്ണ് ചിമ്മിയവൻ ഉറക്കത്തെ മാടി വിളിച്ചു.

പുറത്തു മാത്രം പെയ്തു കണ്ട മഴ അന്ന് അവന്റെ വീടിനകത്തും പെയ്തൊഴിയുന്നത് അവൻ കണ്ടു .ഞാൻ വന്ന ആഹ്ലാദമോ .....?,അതോ സങ്കടത്തിന്റെ മറ്റൊരു ഭാഷയോ ,പ്രകൃതി എന്താണുദ്ദേശിച്ചതെന്നു അവനു മനസ്സിലായില്ല,അത് ഊഹിച്ചെടുക്കുക അവന് പ്രയാസമായിരുന്നു .

ഒരു അധ്യാപകനായി താൻ ഇത്രയ്ക്ക് അധം പതിച്ചു പോയി എന്ന ചിന്ത പിന്നീട് അവന്റെ മനസിലേയ്ക്ക് ഓടിവന്നു ."അല്ലെങ്കിൽ താൻ തന്റെ ഭാര്യയെന്ന സ്ത്രീയുടെ വാക്കും കേട്ട് തന്റെ അമ്മയെ ഉപേക്ഷിക്കുമായിരുന്നോ .........ഇല്ലായിരുന്നുവെങ്കിൽ അമ്മ ഇന്നും എന്നോടൊപ്പം ഉണ്ടാകുമായിരുന്നു." മകനുപേക്ഷിച്ച ഒരമ്മയുടെ വേദനയും അവനാ നിമിഷം തിരിച്ചറിഞ്ഞു.

അവന്റെ മനസ് അനന്തമായി ചലിച്ചുകൊണ്ടിരുന്നു . ഒരു കുറ്റവാളിയെ വേട്ടയാടുംപോലെ അവന്റെ മനസാക്ഷിയോട് അവൻ സ്വയം തർക്കിച്ചു . ഉറന്നൊഴുകുന്ന ആ മഴയിൽ അവന്റെ കണ്ണുനീർ അലിഞ്ഞുചേർന്നു . അന്തമായ ആ ഇരുട്ടിന് അവനും, അവന്റെ സങ്കടങ്ങളും മാത്രം സാക്ഷി.

പിറ്റേന്ന് രാവിലെ അവൻ തിരിച്ചു;അവന്റെ ഉദ്യോഗസ്ഥ സ്ഥാനത്തേക്ക്. അവൻ ബസിൽ കയറിയിരുന്നു. അന്നേരം അവനൊരു ദയനീയമായ കാഴ്ചകണ്ടു. ഒരു പാവം സ്ത്രീയെ അതിന്റെ മകൻ ആ ബസ്റ്റാന്റിൽ ഉപേക്ഷിക്കുന്നു. അവനത് ഉൾകൊള്ളാൻ സാധിച്ചില്ല . വണ്ടിയിൽനിന്നിറങ്ങി അവനത്തിനെ ശക്തിയായി എതിർത്തു. "ഏതു നിങ്ങളുടെ അമ്മയല്ലേ, നിങ്ങളെ ഇത്രയുംകാലം പൊറ്റിയതല്ലേ ,മനം നൊന്തിരിക്കുന്ന ആ സ്ത്രീയുടെ അമ്മയുടെ വേദനനിങ്ങളറിയുന്നുണ്ടോ ............"അദ്ദേഹം സംസാരം തുടർന്നു. അയാൾ അമ്മയെയും കൂട്ടി വാഹനം ചലിപ്പിച്ചു . അവൻ തന്റെ സീറ്റിൽ ഇരിപ്പുറപ്പിച്ചു. ബസ് മുന്നോട്ട് ചലിക്കാൻ തുടങ്ങി. അവന്റെ മനസ്സ് അനന്തമാണ്..............................................

നന്ദന കെ സി

10 C

# വേർപാടിന്റെ മുറിവുകൾ

കലങ്ങിയ കണ്ണുകളോടെ അപ്പു ഉമ്മറപ്പടിയിൽ നിശ്ചലനായി നിൽക്കുകയായിരുന്നു. പെട്ടന്ന് ആരോ അവന്റെ തോളിൽ മൃദുവായി സ്പർശിച്ചുകൊണ്ട് പറഞ്ഞു."മോൻ വാ ...... ഇവിടെ ഇങ്ങനെ തനിയെ നിൽക്കണ്ട. വന്ന് ഏതെങ്കിലും കിഴക്ക്. " അത് അമ്മയായിരുന്നു. അവൻ മറുപടിയൊന്നും പറയാതെ അമ്മയുടെ മുഖത്തേക്ക് നോക്കി നിന്നു. കാരണം ഇന്നലെ അരങ്ങേറിയ സംഭവങ്ങളൊന്നും അവന്റെ കുഞ്ഞു മനസിന് താങ്ങാൻ കഴിയുന്നതായിരുന്നില്ല.

"തന്റെ പ്രിയപ്പെട്ട മുത്തച്ഛന്റെ വേർപ്പാട്"- ഇപ്പോൾ അപ്പു തികച്ചും ഏകനാണ് .അവന്റെ എല്ലാമായിരുന്ന മുത്തച്ഛനെ പെട്ടന്നൊരു ദിവസം കണ്ണുകൾ തുറക്കുമ്പോൾ കാണാൻ പറ്റാതെയാകുമ്പോൾ അത് താങ്ങാനുള്ള കരുത്ത് അവന്റെ കുഞ്ഞു മനസിന് ഇല്ലായിരുന്നു. പഴയ ഓർമ്മകൾ ഒന്നൊന്നായി അലട്ടിക്കൊണ്ടിരുന്നു.മുത്തച്ഛന്റെ കൂടെ വീടിനടുത്തുള്ള തോട്ടിൽ മീൻ പിടിക്കാൻ പൂവലയിരുന്ന അവന്റെ പ്രധാന വിനോദം .പാടം കടന്ന വേണം അങ്ങോട്ട് പോവാൻ. മുത്തച്ഛന്റെ നീണ്ട് അറ്റം വളഞ്ഞ കുടയുടെ തുമ്പും പിടിച്ചവൻ പാടവരമ്പത്തുകൂടി പടി തെറ്റാതെ പതിയെ നടക്കും .ഇടയ്ക്ക് വലിയ വലിയ തവളകളെ കണ്ട് പേടിച്ച് മുത്തച്ഛനെ മുറുക്കെ പിടിക്കും .

ഒരിക്കൽ മുത്തച്ഛൻ അമ്മിണി പശുവിന്റെ പാലക്കാരാകുന്നത് കണ്ടപ്പോൾ തനിക്കും പശുവിനെ കറക്കണമെന്ന പറഞ്ഞു ശാഠ്യം പിടിച്ചു. അങ്ങനെ പശുവിനെ കറന്നു .മുത്തച്ഛൻ കൂടെയുള്ളതുകൊണ്ട് അവൻ സുരക്ഷിതനായിരുന്നു. ഒരുപക്ഷെ അച്ഛനെക്കാളും അപ്പുവിനിഷ്ടം മുത്തച്ഛനെയായിരുന്നു.വൈകുന്നേരം മുത്തച്ഛന്റെ കൈയിൽ തൂങ്ങി അമ്പലകുളത്തിലേയ്ക്ക് കുളിക്കാൻ പോകും...മുത്തച്ഛന്റെ കൈവെള്ളയിൽ കിടന്നാണ് അപ്പു നീന്താൻ പഠിച്ചത് .പക്ഷെ അധികനേരം അപ്പു വെള്ളത്തിൽ നീന്തുന്നത് മുത്തച്ഛന്റെ ഉള്ളിൽ ചെറിയ ഭയമുണ്ടാക്കിയിരുന്നു.

കാരണം ,അവൻ കൊച്ചു കുട്ടിയല്ലേ കൂടുതൽ ആഴത്തിലേക്കെങ്ങാനും നീന്താൻ ശ്രമിച്ചാലോ.... കുട്ടികൾക്ക് എല്ലാം ഒരു കൗതുകമല്ലേ ?

കുളിയും കഴിഞ്ഞു പടികയറുമ്പോൾ മുത്തച്ഛൻ തന്നെ വേണം തലതോർത്തി കൊടുക്കാൻ ,ഇല്ലെങ്കിൽ അപ്പുവിന് പനി പിടിക്കും .മുത്തച്ഛന്റെ കൂടെ നിന്ന് ആ ഗ്രാമത്തിലെ എല്ലാ സ്ഥലങ്ങളും ,തോടും,പാടവും,ഇടവഴികളുമെല്ലാം അവൻ

പരിചിതമായിരുന്നു.

മുത്തച്ഛൻ എവിടെയെങ്കിലും പോവാൻ നിക്കുമ്പോൾ താനും കൂടെ വരുന്നുണ്ട് എന്ന പറഞ്ഞ് അപ്പു കരയും . പക്ഷെ മുത്തച്ഛൻ അവനെ എല്ലാം പറഞ്ഞ മനസ്സിലാക്കി കരച്ചിൽ മാറ്റിക്കൊടുക്കും വരുന്ന വഴി സ്കൂളിന് മുന്നിൽ ഭാസ്കരേട്ടന്റെ കടയിൽ നിന്ന് അപ്പുവിന് പ്രിയപ്പെട്ട അരിമുറുക്കും, ഉണ്ണിയപ്പവുംകൊണ്ടാവും വരവ് . മുത്തച്ഛന്റെ മടിയിൽ കയറിയിരുന്ന് അവൻ അത് കഴിക്കും . വിദേശത്തിലുള്ള അച്ഛൻ അയച്ചുതരുന്ന വെലിയാമിഠായികളെക്കാൾ അവൻ പ്രിയം അതായിരുന്നു പാടാത്ത കളിയ്ക്കാൻ പോകുന്നതിന് അമ്മ പലപ്പോഴും അവനെ ശകാരിച്ചിട്ടുണ്ട്. അപ്പോഴെല്ലാം അവന്റെ ഭാഗം നിന്ന് മുത്തച്ഛൻ പറയുമായിരുന്നു .

അതിനെന്താ ശാരദ അവൻ കളിക്കട്ടെ അവൻ കുട്ടിയല്ലേ.....എന്തിനാണ് എന്റെ കുട്ടിയെ ഇങ്ങനെ വിഷമിപ്പിക്കുന്നത് ? എന്നിട്ടവനെ ചേർത്ത് പിടിക്കും.

മാമ്പഴക്കാലമായാൽ മുറ്റത്തുള്ള മൂവാണ്ടൻ മാവിൽ നിറയെ പൂക്കളായിരിക്കും .മധുരമുള്ള മാങ്ങയുടെ മണം പിടിച്ച കിളികളും അണ്ണാറക്കണ്ണന്മാരുമെല്ലാം നേരത്തെ എത്തും .പിന്നെ,മുറ്റമാകെവ് അവരുടെ ബഹളമായിരിക്കും .പക്ഷെ, മുത്തച്ഛൻ തന്റെ അപ്പുവിനായി നല്ല മാമ്പഴങ്ങൾ ആർക്കും കൊടുക്കാതെ കാത്തുവയ്ക്കും സ്കൂൾവിട്ട്വരുമ്പോൾ ആർക്കും കൊടുക്കാതെ ഒളിപ്പിച്ച വച്ച മാമ്പഴങ്ങൾ മാഞ്ചോട്ടിലിരുന്ന അപ്പുവും മുത്തച്ഛനും രുചിയോടെ നുണഞ്ഞ് കഴിക്കും .അപ്പുവിന് മുത്തച്ഛൻ ധാരാളം കഥകൾ പറഞ്ഞുകൊടുത്തിരുന്നു.ഓരോ കഥയും അവൻ പുതിയ പുതിയ അനുഭവങ്ങൾ നൽകി .കഥയിലെ കഥാപാത്രമായി അവൻ സ്വയം മാറും.ഈ കഥയെല്ലാം മുത്തച്ഛന് എവിടിന്ന കിട്ടുന്ന എന്ന് അവൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്.അത് അവൻ ഒരിക്കൽ ചോദിച്ചപ്പോൾ ഒരു ചെറു പുഞ്ചിരിയായിരുന്ന മുത്തച്ഛന്റെ മറുപടി .അങ്ങനെയിരിക്കെ ഒരിക്കലാണ് മുത്തച്ഛൻ ഒരിക്കൽ പാടവരമ്പത്തു നിൽക്കുമ്പോൾ അപ്പുവിനെ ചേർത്ത് പിടിച്ചുകൊണ്ടു പറഞ്ഞു."അപ്പുവിന് വലുതായാൽ ആരാകണം ."

അപ്പു ഉടനായി മറുപടി പറഞ്ഞു," എനിക്ക് എല്ലാവരുടെയും അസുഖങ്ങൾ മാറ്റി കൊടുക്കുന്ന ഒരു ഡോക്ടർ ആകണം ." മുത്തച്ഛൻ ചോദിച്ചുകൊണ്ട് പറഞ്ഞു ," അതിന് നന്നായി പഠിക്കണം.മോൻ വലിയ ആളാകണം.ആരെയും അറിഞ്ഞുകൊണ്ട് വേദനിപ്പിക്കരുത് .നല്ലകുട്ടിയായി വളരണം .പഠിച്ച് വലിയ ആളാകുമ്പോൾ നമ്മുടെ ഈ വീടും നാടുമൊന്നും മറക്കരുത്. നമ്മുടെ ഈ നാട്ടിലെ സുഖങ്ങൾ പോരെന്ന തോന്നുമ്പോൾ ഇവിടം ഉപേക്ഷിച്ച് ഉയരങ്ങളിലേയ്ക്ക് പോകരുത്.

അച്ഛനെയും അമ്മയെയും നന്നായി നോക്കണം .മുത്തച്ഛൻ പറയുന്നതെല്ലാം കാതുകളെക്കാൾ ഉപരി മനസുകൊണ്ടവൻ കേട്ടതും ഗ്രഹിച്ചതും .അപ്പു ഉത്സാഹത്തോടെ പറഞ്ഞു ."പഠിച്ച ഡോക്ടറാകുമ്പോൾ ഞാൻ മുത്തച്ഛന് ഒരുപാട് ഷർട്ട് വാങ്ങിച്ചുതരും.അത് കേട്ടപ്പോൾ അൽപ്പനേരം നിശബ്ദനയാ ശേഷം പറഞ്ഞു.

"അപ്പു .....നേരം ഇരുട്ടാറായി നമുക്ക് വീട്ടിൽ പോണ്ടേ...വാ നടക്ക്.." നടക്കുന്നതിനിടെ ഭാസ്കരേട്ടന്റെ കട കണ്ടപ്പോൾ അപ്പുവിന് വല്ലാത്ത ആശാ. അവൻ മുത്തച്ഛന്റെ കൈയിൽ തൂങ്ങിക്കൊണ്ടു പറഞ്ഞു ...ചില്ലു കൂട്ടിൽ ഇട്ടുവച്ചിരുന്ന ആ

ഉണ്ണിയപ്പത്തിലേയ്ക്ക് ചൂണ്ടി കാണിച്ചു .മുത്തച്ഛൻ പറഞ്ഞു," ഭാസ്കരാ ,എന്റെ അപ്പുന് നല്ല ചൂടുള്ള രണ്ട് ഉണ്ണിയപ്പം കൊടുക്ക് " എന്ന് പറഞ്ഞുകൊണ്ട് അപ്പുവിന്റെ കൈയും ചേർത്തുപിടിച്ചു അവിടെയുള്;ല ചെറിയ ബെഞ്ചിൽ ഇരുന്നു.പെട്ടെന്ന് മുത്തച്ഛന്റെ മുഖത്തു ഒരു അസ്വസ്ഥത ദൃശ്യമായി .പതിയേ നെഞ്ച് തടവാൻ തുടങ്ങി .കണ്ണുകളിൽ എന്തോ വെപ്രാളം പ്രകടമായി. അപ്പുവിന്റെ കൈകൾ മുറുക്കെ പിടിച്ചു .ഇടറിയ ശബ്ദത്തോടെ "ഭാസ്കര കുറച്ചു വെള്ളം എടുക്ക് " എന്ന് മുത്തച്ഛൻ പറഞ്ഞു .ഇതെല്ലംകണ്ട അപ്പു ആകെ ഭയന്ന് .ഭാസ്കരേട്ടൻ വെള്ളം കൊണ്ട് ഓടിയെത്തിയപ്പോഴേയ്ക്കും മുത്തച്ഛൻ താഴേയ്ക്ക് വീണു.അപ്പു മുത്തച്ഛനെ എഴുന്നേൽപ്പിക്കാൻ ശ്രമിച്ചു.അവനെ കൊണ്ട് അതിന് സാധിച്ചില്ല.ഭാസ്കരേട്ടൻ ഒരുപാട് മുത്തച്ഛനെ തട്ടി വിളിച്ചു .പക്ഷെ ,എഴുന്നേറ്റില്ല.

ഭാസ്കരേട്ടന്റെ മുഖഭാവം പെട്ടെന്ന് മാറി . അയാൾ അവനെ സഹതാപം നിറഞ്ഞ കണ്ണുകളോടെ അവനെ നോക്കി . കുറച്ചു കഴിഞ്ഞപ്പോൾ ഒരു ഓട്ടോയിൽ അവന്റെ 'അമ്മ വന്നു . 'അമ്മ ഓടിക്കിതച്ചുകൊണ്ടാണ് കടയിലേക്കു കയറിയത് . ഭാസ്കരേട്ടൻ മുത്തച്ഛനെ നോക്കികൊണ്ട് അമ്മയോട് എന്തോപറയുന്നതും , അമ്മയുടെ കണ്ണുകൾ നിറയുന്നതും മാത്രമേ അവൻ കണ്ടുള്ളൂ......................'അമ്മ അവന്റെ അരികിലേക്ക് അടക്കിപ്പിടിച്ചു വിതുമ്പലോട്കൂടിയോടി ചെന്നു. തണുത്തു മരവിച്ച മുത്തച്ഛൻറെ കൈകൾ അവന്റെ കൈയിൽ നിന്നും അവന്റെ കൈ വിടുവിച്ചുകൊണ്ട് 'അമ്മ പറഞ്ഞു .

"അപ്പു മോൻ പോയി ഓട്ടോറിക്ഷയിൽ കയറിയിരിക്ക് പക്ഷെ അപ്പു അതിന് കൂട്ടാക്കിയില്ല . അവൻ അമ്മയുടെ നേരെ മുഖം ഉയർത്തികൊണ്ട് ചോദിച്ചു . മുത്തച്ഛനെ ഒറ്റക്കായിട്ടോ ...! നമുക്ക് മുത്തച്ഛനെ ആശുപ്സ്ത്രിയിൽ കൊണ്ടുപോകേണ്ട?...! പുറത്തേക് നോക്കിയപ്പോൾ അവൻ ഒരു ആൾക്കൂട്ടമാണ് കണ്ടത് . അവരോട് അവൻ നിസ്സഹായനായി അപേക്ഷാപൂർവം പറഞ്ഞു . "എല്ലാവരും എന്താ നോക്കി നിൽക്കുന്നത്... എന്റെ മുത്തച്ഛനെ ആരെങ്കിലും ഒന്ന് ആശുപത്രിയിൽ കൊണ്ടുപോകു... എല്ലാവരും നിശ്ശബ്ദരായിരുന്നു. 'അമ്മ അപ്പുവിനെ കോരിയെടുത്തു ഓട്ടോറിക്ഷയിൽ കയറ്റിയിരുത്തിയശേഷം അപ്പുവിന്റെ അച്ഛനെ ഫോൺ വിളിച്ചു വിവരങ്ങൾ അറിയിച്ചു. പുറത്തുള്ള ആളുകളുടെ മുഖഭാവവും , അവരുടെ കലമ്പലുകളും, സഹതാപം നിറഞ്ഞനോട്ടവുമെല്ലാം കണ്ടപ്പോൾ അപ്പുവിന് ഒന്ന് മനസിലായി. തന്റെ മുത്തച്ഛൻ തന്നെ വിട്ട്പോയിരിക്കുന്നു എന്ന യാഥാർത്യം. ഒരിക്കലും തിരിച്ചുവരാൻ കേഴിയാത്ത ഒരു ലോകത്തേക് ആ കുഞ്ഞുമിഴികൾ പുഴപോലെ നിറഞ്ഞൊഴുകി. ഇടയ്ക്കെല്ലാം അലറിവിളിച്ചു. അച്ഛനും, അമ്മയും ധാരാളം ആശ്വസിപ്പിച്ചെങ്കിലും തന്റെ കുഞ്ഞു മനസിന്റെ ഒരാൾ മാത്രമേ ഈ ലോകത്ത് അറിഞ്ഞിരുന്നുള്ളൂ.........അപ്പു ഇപ്പോൾ തികച്ചും ഏകനാണ് . എങ്കിലും ദുഃഖങ്ങളെ അടക്കിപ്പിടിച്ചു അവൻ ഒരുപാട് ശ്രമിച്ചു ലോകം തന്നെ നിശ്ചമാവുന്നത് പോലെ അവൻ തോന്നി . പാടവരമ്പത്തേക്കു നോക്കുമ്പോൾ അവന്റെ ഹൃദയം മുറിയുന്നത് പോലെ...... മൂവാണ്ടൻ മാവിൽ കിളികളെയും അണ്ണാറക്കണ്ണനെയും കാണാനില്ല. മുത്തച്ഛൻ നട്ട വാഴക്കന്ന് തളിർത്ത് വന്നത് അവൻ കണ്ടു . മുത്തച്ഛന്റെ സമിതിയുടെ അടുത്തേക് അവൻ ചെന്നു. അവന്റെ മനസ്സാകെ തളർന്നിരുന്നു. ഭക്ഷണമൊന്നും കഴിച്ചിരുന്നില്ല . മുത്തച്ഛൻ വാരി

കൊട്ടത്താലേകഴിക്കമായിരുന്നുള്ളു......അതിനാൽ ശരീരവും തളർന്നിരുന്നു.
അവന്റെ മുട്ടുകൾ തനിയെ മടങ്ങി : അവൻ സമാധാനിക്കുന്നടുത്ത് അവിടെ കിടന്നുമയങ്ങി പോയി . അത് കണ്ട വന്ന അമ്മമ്മ ഓടിചെന്നവനെ പുണർന്ന്കൊണ്ടെടുത്ത് അകത്ത്
മുറിയിൽ കൊണ്ടുപോയി കിടത്തി . കട്ടിലിന്റെ ഒരു വശത്തു അമ്മയും ഇരുന്നു . ഇനിവരുന്ന ദിവസങ്ങളിൽ അപ്പുവിന്റെ കുഞ്ഞുമനസ്സിനെ എന്തു പറഞ്ഞ് ആശ്വസിപ്പിക്കും 'അമ്മ ദയനീയപൂർവ്വം തളന്നുറങ്ങിയ അപ്പുവിന്റെ മുഖത്തേക്ക് നോക്കികൊണ്ട് അങ്ങനെ ഇരുന്നു..................


അർച്ചന കെ.കെ
9 .B

*******************

# സത്യം ഞാൻ സാക്ഷി

മഞ്ഞുകലർന്ന അന്തരീക്ഷം.തെളിഞ്ഞ ആകാശത്തിൽ മേഘശകലങ്ങൾ മെല്ലെ ചലിക്കുന്നുണ്ട്. തണുത്ത സുഗന്ധമേറിയ കാറ്റ് ആഞ്ഞ് വീശി . നിൽക്കാതെ ഒഴുകുന്ന ഗായത്രിപുഴ ,മഞ്ഞാൽ മൂട് ചെരിവിൽ നിൽക്കുന്ന നീലിക്കുന്ന് , ദൂരെ വിശാലമായി നിവർന്നു കിടക്കുന്ന കുറിഞ്ചിമല ,എന്ത് മനോഹരമായിരുന്നു ചേറോട്ടുകരയിലെ ആ കാഴ്ചകൾ . പച്ച വിരിച്ച പാടത്തിനു മുകളിലൂടെ കൂട്ടം കൂട്ടമായി പറക്കുന്ന കോറ്റികൾ, അതിനു താഴെ തന്റെ ജോലിയിലും നിത്യവൃത്തിയിലും മുഴുകിയിരിക്കുന്ന കർഷകർ ,അതിനടുത്തു തോട്ടിൽ മീൻപിടിക്കുന്ന കുട്ടികൾ പാടവരമ്പത്തു കൂടെ മുറിച്ച് കടന്നും ചുറ്റും നോക്കിയും തെക്കേ മലർക്കാവിലേയ്ക്ക് പോകുന്ന സ്ത്രീകൾ ; ഈ ഗ്രാമീണ ദൃശ്യങ്ങളെല്ലാം ചേറോട്ടുകരയെ മനോഹരമാക്കി. ഇതിനിടയിൽ തങ്ങളുടേതായ വിനോദങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നു ചിലർ .

"അമ്മേ , എന്തേലും കഴിക്കാരായോ ?" - തന്റെ വീടിന്റെ കോച്ചു മുറിയിൽ നിന്ന് അടുക്കളയിലേയ്ക്കോന്നു നോക്കി നന്ദുവിന്റെ ചോദ്യമാണ്.കുളിച്ചുവന്ന് തന്റെ ഇറക്കം കുറഞ്ഞ കറുത്ത ട്രൗസർ കയറ്റുന്ന തിരക്കിലായിരുന്നു അവൻ. ആദ്യമൊന്ന് മേലം കയറ്റി ,പിന്നെ വീണ്ടുംമിറക്കി , തനിക്ക് തൃപ്തിയാകുന്നതുവരെ ഇത് തുടരുകയാണവൻ . എന്നിട്ട്, "ഇപ്പോ, ലേശം ഇറക്കം കൂടിയിട്ടുണ്ടല്ലോ" , എന്ന ആശ്വാസത്തോടെ അവൻ അമ്മയുടെ അടുക്കൽ ചെന്നു. "അമ്മേ , എനിക്കൊരു ദോശ തര്വോ ?" -അവൻ ചോദിച്ചു. എട്ടുവയസ്സുകാരനായ തന്റെ മകന്റെ ചോദ്യം കേട്ട് അമ്മ ചോദിച്ചു, "നീയെങ്ങോട്ടാ, ഈ രാവിലെ തന്നെ



“ഏയ്, ഒന്നൂല്യാ,അമ്മു നീലിക്കുന്നിന്റെ അവിടെ കാത്ത് നിൽക്കാന്ന് പറഞ്ഞിട്ടുണ്ട് .” ഇതും പറഞ്ഞവൻ പിന്നാമ്പുറത്തെ അവന്റെ പഴയ സൈക്കിൾ ചക്രമെടുക്കാൻ ഓടി.
“ഇപ്പോ, അവന് അമ്മൂന്റെ ചിന്തേയുള്ളൂ. എല്ലാത്തിനും അവള് വേണം. അവന്റെ ചേച്ചി ഇങ്ങനായെ പിന്നെ അവളല്ലേയുള്ളൂ. ആ ഫാക്ടറി വരണവരെ , ഇന്റെ മോൾക്ക് ഒരു കുഴപ്പവുമുണ്ടായിരുന്നില്ല. ഇപ്പൊന്റെ മോള്, മേലാകെ ചൊറീം വ്രണ്വം പിടിച്ച് വേദന തിന്നോണ്ടിരിക്ക്യാ" .അതു പറയുമ്പോൾ , അമ്മയുടെ കണ്ണിൽ നിന്ന് കണ്ണീർ വരുന്നുണ്ടായിരുന്നു. തുടർന്നു വന്ന കണ്ണീരിനെ തന്റെ തോളത്ത് വച്ച തുണികൊണ്ട് തുടച്ചുമാറ്റി.

"നന്ദൂ, ദാ ദോശ വന്ന് കഴിച്ചോ?” അമ്മയവനെ വിളിച്ചു . ഭക്ഷണം കഴിച്ച ശേഷമവൻ നീലിക്കുന്നിനെ ലക്ഷ്യമാക്കി നടന്നു. തെറ്റിയില്ല , അമ്മു അവിടെ തന്നെയുണ്ടായിരുന്നു. നീലിക്കുന്നിന്റെ ചെമണ്ണ് നിറഞ്ഞ പാതയിലൂടെ നടന്നു.യ മുകളിലെത്തിയപ്പോൾ കണ്ട ഒരു മരത്തിനുനേരെ അമ്മു ഓടുന്നതു കണ്ട് നന്ദുവും പിന്നാല ഓടി . അവൾ അവിടെ കണ്ട ഒരു കമ്പെടുത്ത് മരത്തില്ഡല കുത്തി എഴുതാൻ തുടങ്ങി . എഴുതി തീർന്ന ശേഷം, അമ്മു നന്ദുവിനെ നോക്കികൊണ്ട് പറഞ്ഞു," ഇനി നമ്മടെ ചങ്ങാത്തം എന്നും നിലനിൽക്കും . ഈഴ മരത്തിലൂടെ .” -അവൾ ഇതു പറയവേ നന്ദു ,അതു വായിക്കുകയായിരുന്നു, “അമ്മൂന്റെ നന്ദു.”

അവർ ഇരുവരും ചിരിച്ചു .അവരവിടെ പൂക്കൾ പറിച്ചും, തുമ്പികൾക്കു പിന്നാലെ ഓടിയും അങ്ങനെ കളിച്ചു . അല്പ സമയത്തിനു ശേഷം ഇരുവരും നീലിക്കുന്നിന്റെ ചെരിവിൽ കിടന്നു. അമ്മു നന്ദുവിനെ ഒന്നു കുഴപ്പത്തിലാക്കാനെന്നവണ്ണം ചോദിച്ചു, “ ഞാൻ പോയാ പിന്നെ നന്ദിവെന്താ ചെയ്യാ ?”
“അതിന് നീയെങ്ങോട്ടാ പോകുന്നേ ?”
“അല്ല, പോയീന്ന് വെച്ചോ അപ്പോഴൊ ?” -അവൾ ഒന്നു കൂടി ചോദിച്ചു. “അമ്മു ഈ കുറിഞ്ചിമലേടെ അപ്പുറത്തി പോയാലും ഞാൻ പിന്നാലെ ഒപ്പം വരും” -അവൻ കുറിഞ്ചി മലയെ
നോക്കി ചിരിച്ചു കൊണ്ട് പറഞ്ഞു. അപ്പോഴവന്റെ പല്ലുകൾക്കിടയിലെ വിടവ് എടുത്തു കാണാമായിരുന്നു.അവന്റെ കവിളിലെ നുണക്കുഴികൾ ചിരിയ്ക്ക് കൂടുതൽ ചാരുതയേകി. അങ്ങനെയവർ നീലിക്കുന്നിന് താഴെയിറങ്ങി , ഗായത്രിപുഴയുടെ തീരത്തുകൂടി

നടക്കുകയായിരുന്നു.

"അമ്മൂ , ഗായത്രി പുഴേല് തൊടണ്ടാട്ടോ ....” - മെല്ലെയൊന്ന് പുഴയിലേയ്ക്കിറങ്ങാൻ ശ്രമിച്ച അമ്മുവിനോടായി അവൻ പറഞ്ഞു.“ അതെന്താ, ഇറങ്ങിയാല്.” അമ്മുവിന്റെ ആ ചോദ്യത്തിന് "എനിക്കറിയില്ല്യാ , അമ്മ പറഞ്ഞതാ "എന്ന മറുപടിയാണവൻ നൽകിയത്.

മനസ്സിൽ സംശയം നിലനിന്നിനെങ്കിലും , നന്ദുവല്ലെ പറഞ്ഞത് എന്ന ആശ്വാസത്തോടെ അവൾ ആ വിഷയം വിട്ടു. അവരങ്ങനെ വീട്ടിലേയ്ക്ക് മടങ്ങി , നാളെയും കാണാമെന്ന വാക്കോടെ.

പിറ്റേ ദിവസവും അവൻ നേരത്തെ എഴുന്നേറ്റു. അമ്മുവും നന്ദുവും ഒപ്പം നീലിക്കുന്നിനടുത്തേയ്ക്ക് നടക്കുകയായിരുന്നു. പെട്ടെന്ന് ഒരു ഭീകരമായ ശബ്ദം അവരെ ഞെട്ടിച്ചു. ശബ്ദം കേട്ട ഭാഗത്തേയ്ക്ക് ഒടി, അപ്പോൾ അവർ കണ്ടത് കരളലിയിപ്പിക്കുന്ന കാഴ്ച്ചയായിരുന്നു. ഇന്നലെ വരെ അവരുടെ ഓർമ്മകൾക്ക് സാക്ഷിയായി നിന്ന നീലിക്കുന്ന് ഇന്ന് വെറും മൺക്കൂനയായി മാറുന്നു. ജെ.സി .ബി.യുടെ ആ നീളൻ

കൈകൾ കുന്നിന് നേരെ കുതിച്ചു. അവർ തങ്ങളുടെ ഓർമ്മകൾ പങ്കിട്ട ആ മരം ഇപ്പോൾ പൊട്ടിപൊളിഞ്ഞ് വെറും ചുള്ളിക്കമ്പുകൾ മാത്രമായി. ഇനി തങ്ങളുടെ നീലിക്കുന്ന് തിരിച്ചുകിട്ടാനാവാത്ത വെറും ഓർമ്മയായില്ലേ എന്ന് അവർ കരുതി.

അവർ അടുത്തു നിന്ന ഒരാളോട് ഇതിനെക്കുറിച്ച് ചോദിച്ചു :" അങ്കിളേ, അവിടെപ്പോ ശരിക്കും എന്താ നടക്കണേ ?"

"ഒന്നും പറയണ്ട മക്കളേ ,നമ്മുടെ നീലിക്കുന്ന് ഇടിച്ച് അതിന്റെ വഴീക്കൂടെ എന്തോ റോഡ് പണിയാണെനോക്കെയാ കേൾക്കണത്. എന്തൊക്കെയാ നടക്കണത് എന്ന് ആർക്കും നിശ്ചയല്ല്യാ.അങ്ങനാ, കാര്യങ്ങൾ ."- അയാൾപറഞ്ഞു.

അവരിരുവനരരും തങ്ങളുടെ അന്നത്തെ എല്ലാ വിനോദവും മാറ്റിവെച്ച് വീട്ടിലേയ്ക്കക്ക് മടങ്ങി. വീട്ടിലെത്തി ഉറങ്ങാൻ കിടക്കുമ്പോഴും നന്ദുവിന്റെ മനസ്സിൽ ഇതു തന്നെയായിരുന്നു ചിന്ത . അവന്റെ മുഖത്തെ മാറ്റം കണ്ട അമ്മ അവനോടായി ചോദിച്ചു, "നിനക്കെന്താ പറ്റ്യേ ?"

"ഏയ്, ഒന്നൂല്ല്യാമ്മെ"എന്ന് പറഞ്ഞുകൊണ്ട് അതിന് ഉത്തരം പറയുകയാണവൻ ചെയ്തത്. അവനുറങ്ങാനായി അവന്റെ കുഞ്ഞുക്കണ്ണുകൾ അടച്ചു കിടന്നു. പിന്നീട്, എന്തോ ഒരു വെളിച്ചം മുഖത്ത് തട്ടിയതുപ്പോലെ അവന് തോന്നി. അവൻ കണ്ണുകൾ തുറന്നപ്പോൾ കണ്ടത് ഞെട്ടിപ്പിക്കുന്ന ഒരു കാഴ്ചയായിരുന്നു. ഹരിത മനോഹരമായിരുന്ന തന്റെ നാട് ഇപ്പോൾ മരുഭൂമിയ്ക്ക് സമാനമായി മാറി. സുഗന്ധ പൂർണ്ണമായ കാറ്റ് വിഷ പുകയാൽ മലിനമായി . ചേറോട്ടുംകരയിലെ നാട്ടുക്കാർ പല അസുഖങ്ങൾ കൊണ്ട് ബുദ്ധിമുട്ടി ,വേദന കൊണ്ട് പുളഞ്ഞു ,അവർക്കിടയിലവൻ അമ്മുവിനെയും കണ്ടു. ആ ഗ്രാമം മരുഭൂമിയ്ക്ക് സമാനം നിർജീവമായി മാറി . നന്ദു ഒരു

നിമിഷം നന്നായി പേടിച്ചു . പെട്ടെന്ന് എന്തോ ഒരു പ്രകാശം അവന് നേരെ വന്നു. അതിന് മുഖം തിരിച്ചവൻ കണ്ണടച്ചു. പിന്നീടവൻ കണ്ടത് ,തന്റെ അപ്പുറത്തെ ചില്ല് ജനലിലൂടെ അവന്റെ നേർക്കു വരുന്ന സൂര്യ വെളിച്ചമായിരുന്നു. അവനപ്പോഴാണ് അത് ഒരു സ്വപ്നമായിരുന്നെന്ന് മനസ്സിലായത് . പെട്ടെന്ന്, അടുക്കളയിൽ നിന്ന് അമ്മയുടെ ചോദ്യം , " നീയെന്താ , ഇന്ന് എഴുന്നേൽക്കാൻ വൈകിയേ." എന്നാൽ ,ആ ചോദ്യത്തിന് ഉത്തരം പറയാൻ തക്ക മാനസ്സികാവസ്ഥയിലായിരുന്നില്ല അവൻ . അത് സത്യമാണോ അതോ അവന്റെ തോന്നല്ലായിരുന്നോ എന്നവൻ സ്വയം ചോദിച്ചു . അപ്പോൾ, പ്രഭാതത്തിലെ കിളികളുടെ ഒച്ചയും മറ്റു ശബ്ദങ്ങൾക്കുമിടയിൽ എന്തോ അജ്ഞാതമായൊന്ന് കേട്ടതുപ്പോലെ അവന് തോന്നി. പ്രകൃതിയെന്തോ അവനോടയി പറയുന്നപ്പോലെ ," സത്യം ഞാൻ സാക്ഷി.............."

****************


Thanks.......
Little KITEs Kadambur
Painting
John Devassya
10 A